മി.സ്പീക്കർ : അത് ഇന്നലെ പറഞ്ഞല്ലോ. ഇന്നലെ ബി.എ.സി.യിൽ കണ്ടല്ലോ.

ശ്രീ. ടി.എം. ജേക്കബ് : ബി.എ.സി. അനൗൺസ് ചെയ്യാത്തതുകൊണ്ട് മെമ്പർമാർക്കു പലർക്കും അറിഞ്ഞുകൂടാ. ബി.എ.സിയുടേതായി ഇവിടെ അനൗൺസു ചെയ്തിട്ടില്ല. സഭയിൽ ഇത് ഇപ്പഴേ വന്നുള്ളൂ.

മി. സ്പീക്കർ : ഹൈവേ പ്രൊട്ടക്ഷൻ ബിൽ ബുള്ളറ്റിൻ പഴയതനുസരിച്ചാണെങ്കിൽ 15-ാം തീയതി വരുന്നു. അതിന്റെ ഭേദഗതിയും നറുക്കെടുപ്പും 14-ാം തീയതി വൈകുന്നേരം 5 മണിവരെയാകാം.

VII . നിയമനിർമ്മാണകാര്യം

1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപ നിധി ബിൽ(ചർച്ചതുടർച്ച)

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ പൊതുവിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ള കാര്യമാണ്. ആ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെങ്കിൽ അതിനെ പൂർണമായും, കലവറയില്ലാതെ ഞാൻ പിന്തുണയ്ക്കുകയാണ്. 1996-97-ൽ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 9-ാം പദ്ധതിക്കാലത്ത് കേരളത്തിൽ 52,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കണമെന്ന് ചൂണ്ടിക്കാണിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് 9-ാം പദ്ധതി അവസാനിക്കുമ്പോൾ കേരളം ദേശീയ നിലവാരത്തോടൊപ്പം എത്തണമെങ്കിൽ 52,000 കോടിരൂപയുടെ മുതൽമുടക്ക് ഉണ്ടാക്കണമെന്ന് ചൂണ്ടിക്കാണിച്ചത്. ഇതിൽ 16,100 കോടി രൂപയോളം സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റാണ്. സംസ്ഥാന പ്ലാൻ പദ്ധതിയാണ്. ബാക്കി 28,900 കോടി രൂപയോളം സ്വകാര്യ മുതൽമുടക്കാണ്. ഇനി 9-ാം പദ്ധതിക്ക് ഒന്ന്, ഒന്നര വർഷമേ അവശേഷിക്കുന്നുള്ളൂ. ഈ കാലയളവിൽ 1996-97-ൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ *(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. വിശ്വൻ)*

സംസ്ഥാനത്ത് എത്ര കോടിരൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കാൻ കഴിഞ്ഞുവെന്നകാര്യം ഗൗരവപൂർവ്വം ഈ സഭ പരിശോധിക്കണം. ഇവിടെ കേരളം മാത്രമല്ല ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് ബോണ്ടുകൾ മുഖേനയും വളരെ വലിയ തോതിൽ വിഭവ സമാഹരണം നടത്തുന്നു. 1996-97-ലെ ബഡ്ജറ്റിൽ ഇത് പ്രഖ്യാപിച്ച ശേഷം കേരളത്തിൽ ഈ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കാര്യമായി നമുക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്നുപറഞ്ഞ് 500 കോടിരൂപ സമാഹരിക്കാൻ കൊണ്ടുവന്നു. ഇതിന് ഞാൻ ചില ഒബ്ജക്ഷൻസ് ചൂണ്ടിക്കാണിച്ചു. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും അംഗീകാരം പോലും ഇല്ലാതെയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിന്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്കുവേണ്ടി ബോണ്ടിറക്കാനും കടപ്പത്രം ഇറക്കാനും സംസ്ഥാന ഗവൺമെന്റിന് അവകാശമില്ല.

സർ, സംസ്ഥാനത്ത് ആട്ടോണമസ് ബോഡികൾക്ക് ഗവൺമെന്റ് ഗ്യാരന്റിയോടുകൂടി പണം സമാഹരിക്കാൻ അവകാശമുണ്ട്. നമ്മുടെ സംസ്ഥാനത്തെ ആട്ടോണമസ് ബോഡികളെ സംബന്ധിച്ച് കടപ്പത്രം ഇറക്കാൻ അതിന്റെ റേറ്റിംഗിനെ സംബന്ധിച്ച് ആലോചിച്ചാൽ 99 ശതമാനം സ്ഥാപനങ്ങളും ഡീഫാൾട്ടുള്ള സ്ഥാപനങ്ങളാണ്. 99 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങളും ഡീഫാൾട്ടുള്ളതാണ്. അതുകൊണ്ടുതന്നെ റേറ്റിംഗ് ഏജൻസീസ്, അതു ക്രെഡിറ്റ് റേറ്റിംഗിന് അപേക്ഷിക്കുന്നുണ്ടെങ്കിൽ പോലും റേറ്റിംഗ് ഏജൻസിയായ CRISIL, CARE, ICRA തുടങ്ങിയ സ്ഥാപനങ്ങൾ നമ്മുടെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിനെ റേറ്റു ചെയ്യാൻ തയ്യാറാവുകയില്ല. അതുപോലെ തന്നെ rating, listing and re-start issues ഇതിനു നമ്മുടെ സ്ഥാപനങ്ങൾക്ക് അർഹതയില്ല. ഞാൻ മനസ്സിലാക്കുന്നത്, ഇലക്ട്രിസിറ്റി ബോർഡ് ഏതാണ്ട് 1300 കോടി രൂപയോളം ബോണ്ട് ഇനത്തിൽ പണം സമാഹരിച്ചിട്ടുണ്ട് എന്നാണ്. നമ്മുടെ സംസ്ഥാനത്ത് വളരെയേറെ സാധ്യതയുള്ള മേഖലകളാണ് റോഡുകൾ, ഇറിഗേഷൻ, പോർട്ട് തുടങ്ങിയവ. അതുപോലെ പട്ടണങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കൊക്കെ പ്രത്യേകമായ ബോർഡുകൾ ഉണ്ടാക്കി ആ ബോർഡുകൾ മുഖേന വിഭവസമാഹരണം നടത്താനുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. ആ കാര്യത്തിൽ ഒരു നടപടിയും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ മൂന്നു വർഷമായി ഈ സഭയിൽ ബഡ്ജറ്റുമായി ബന്ധപ്പെട്ട എന്റെ എല്ലാ പ്രസംഗങ്ങളിലും ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ്? പട്ടണങ്ങളിൽ ഒരു ഭാഗത്ത് മാലിന്യക്കൂമ്പാരമാണ്. നമ്മുടെ സംസ്ഥാനത്ത് സ്വീവറേജ് ട്രീറ്റു ചെയ്യാനുള്ള ഒരു സംവിധാനവുമില്ല. തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമാണ് 40 ശതമാനം ആളുകളെ സ്വീവറേജ് സ്കീമിൽ കൊണ്ടുവന്നിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനിലായിരുന്നാലും കോഴിക്കോട് കോർപ്പറേഷനിലായിരുന്നാലും കേരളത്തിലെ മുനിസിപ്പാലിറ്റികളിലായാലും സ്വീവറേജുകൾ തോടുകളിലേയ്ക്കും ആറുകളിലേയ്ക്കും ഒഴുക്കിവിടുകയാണ് ചെയ്യുന്നത്. ഖരമാലിന്യങ്ങൾ കുന്നുകൂടി കിടക്കുകയാണ്. സ്വീവറേജ് സിസ്റ്റം നന്നാക്കുന്ന ജോലി വാട്ടർ അതോറിറ്റിയുടേതാണ്. അവർക്ക് അതിനു പണമുണ്ടോ, സ്കീമുണ്ടോ? പ്രത്യേകമായി ഒരു ബോർഡുണ്ടാക്കി ഇതു നന്നാക്കാനുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അതുപോലെ തന്നെയാണ് റോഡുകളുടെ കാര്യവും പോർട്ടുകളുടെ കാര്യവും. ഞാൻ മനസ്സിലാക്കുന്നത്, യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ് പോർട്ടുകൾ വികസിപ്പിക്കാൻ വേണ്ടി ഗ്ലോബൽ ടെണ്ടർ 1995-96-ൽ വിളിച്ചത്. വിഴിഞ്ഞം, തങ്കശ്ശേരി, മുനംപം, ബേപ്പൂർ എന്നീ പോർട്ടുകളുടെ ബി.ഒ.ടി വ്യവസ്ഥയിൽ വികസിപ്പിക്കാൻ വേണ്ടി ആളുകൾ മുന്നോട്ടുവന്നു. കഴിഞ്ഞ മാസമാണ് ബേപ്പൂർ പോർട്ടിന്റെ വികസനം സംബന്ധിച്ച് ബി.ഒ.ടി ഒപ്പിടാൻ കഴിഞ്ഞത്. എത്ര വർഷം കഴിഞ്ഞു? ഇത്രയേറെ കാലതാമസമുണ്ടാകണോ? തങ്കശ്ശേരി, കൊടുങ്ങല്ലൂർ, വിഴിഞ്ഞം എന്നീ പോർട്ടുകളുടെ ബി.ഒ.ടി ഇപ്പോഴും ഒപ്പിടാൻ കഴിഞ്ഞിട്ടില്ല. രണ്ടായിരം കോടി രൂപ മുടക്കാൻ വിഴിഞ്ഞം പോർട്ട് തയ്യാറായി. ഇത്തരത്തിൽ പണം മുടക്കാൻ മൂന്നും നാലും വർഷമായി പ്രോജക്ടു കൊടുത്തു ആളുകൾ കാത്തിരുന്നിട്ട് അതു ചെയ്യിക്കാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല. ഇപ്പോൾ അടിസ്ഥാന സൗകര്യങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി 500 കോടി രൂപ കൊണ്ടു വരുന്നത് നല്ല കാര്യം ആണ്. അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടി 500 അല്ല പതിനായിരം കോടി രൂപ എടുത്താലും പൂർണ്ണമായി ഞാൻ പിന്താങ്ങുകയാണ്. എന്നാൽ 500 കോടി രൂപ അടിസ്ഥാന സൗകര്യവികസനത്തിനു വേണ്ടിയാണോ? 500 കോടി രൂപയിൽ നിന്ന് ഒരു രൂപ എങ്കിലും ഈ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസന ത്തിനു വേണ്ടി ചെലവഴിക്കാൻ ഗവൺമെന്റിന് കഴിയുമോ? പതിമ്മൂന്നേകാൽ ശതമാനം പലിശയ്ക്കാണ് ഈ പണം സമാഹരിച്ചിരിക്കുന്നത്. കഴിഞ്ഞ ഡിസംബർ മാസം 4-ാം തീയതിയോടെ ആ ഇഷ്യൂ ക്ലോസ് ചെയ്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പതിമ്മൂന്നേക്കാൽ ശതമാനം പലിശ യ്ക്കാണ് ഗവൺമെന്റ് ബോണ്ടിറക്കി പണം സമാഹരിച്ചത്. ഇത് ഓരോ ആറു മാസം കഴിയുമ്പോഴും, ജൂൺ മാസം 30-ാം തീയതിയും ഡിസംബർ മാസം 31 -ാം തീയതിയും പലിശ കൃത്യമായി കൊടുത്തുകൊണ്ടിരിക്കണം. ഇതുമായി ബന്ധപ്പെട്ട് കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് തന്നെ Information Memorandum of Privatisation Bond. എന്നുള്ള നിലയിൽ ഇറക്കിയിരിക്കുന്നതിൽ പറയുന്നതു തന്നെ ഈ വർഷം 50 കോടി രൂപ ക്യാഷ് ഫ്ളോ മാത്രമേയുള്ളൂ എന്നാണ്. ബാക്കി 450 കോടി രൂപ അദർ ഇൻവെസ്റ്റ്മെന്റ് എന്നാണ്. അതെന്താണ് ആ ഇൻവെസ്റ്റുമെന്റ്? പതിമ്മൂന്നേ കാൽ ശതമാനം പലിശയ്ക്കു വാങ്ങി 450 കോടി രൂപ എങ്ങനെ മുടക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്? നമ്മൾ പലിശയ്ക്കെടുക്കുന്ന പണം ചെലവാ ക്കുമ്പോൾ ആ പലിശയടക്കം കൊടുക്കാൻ കഴിയുന്ന തരത്തിൽ ഇൻകം ജന റേറ്റു ചെയ്യാൻ കഴിയുന്ന മേഖലയിലായിരിക്കണം ആ പണം ചെലവാക്കേ ണ്ടത്. ഈ നാടിന്റെ ഭാവിയുടെ കാര്യമാണ്. പതിമ്മൂന്നേകാൽ ശതമാനം പലിശയ്ക്കു വാങ്ങുന്ന ഓരോ പൈസയും അതിനേക്കാൾ കൂടുതൽ ഇൻകം ജനറേറ്റു ചെയ്യാൻ കഴിയുന്ന മേഖലയിലായിരിക്കണം ചെലവാക്കേണ്ടത്. 500 കോടി രൂപ ഈ വർഷം സമാഹരിച്ചിട്ട് 50 കോടി രൂപ മാത്രമാണ് ഈ വർഷം ക്യാഷ് ഫ്ളോ ആയി കാണിച്ചിരിക്കുന്നത്. ബാക്കി 450 കോടി രൂപ അദർ ഇൻവെസ്റ്റ്മെന്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ പണം ചെലവഴിക്കു ന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രോജക്ട്, അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടി പിരിക്കുന്ന 500 കോടി രൂപ ചെലവാക്കണമെങ്കിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ; അത് ഒരു കമ്പനി യായിട്ടോ ട്രസ്റ്റായിട്ടോ രജിസ്റ്റർ ചെയ്തിട്ടുവേണം പണം ചെലവഴിക്കേണ്ടത്. അങ്ങനെ ചെലവഴിച്ചാൽ തന്നെ ഈ വർഷം എത്ര രജിസ്റ്റർ ചെയ്യാൻ പറ്റും, എത്ര ചെലവഴിക്കാൻ പറ്റും? അതിന്റെ മറ്റു കണ്ടീഷൻ വരുമ്പോൾ Implementation and Performance Contract (IPC) System എന്ന് പറഞ്ഞി ട്ടുണ്ട്. അതിൽ പറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. The IPC shall stipulate the exact responsibility of individuals in the undertaking, including the Chief Executive Officer of the same, and shall provide for nature of the liability of each of them in case of non compliance with the terms of the Implementation and Performance Contract. Payment of interest repayment of principal by the undertakings shall be given due weightage in the IPC.

Any default in reapayment or failure to comply with the loan agreement or the IPC may immediately be brought to the notice of Government and the Chief Executive - of the undertakings may be held personally responsible for the default through relevant clauses in the Performance Contract. ഈ 500 കോടി രൂപയിൽ നിന്ന് ഏതെങ്കിലും കമ്പനിക്കോ ബോർഡിനോ പണം കൊടുത്തുക

LIBRARY ARCHIVES Kerala Legislative Assembly

ഴിഞ്ഞാൽ അതിന്റെ റെസ്പോൺസിബിലിറ്റി ആ പണം വാങ്ങിക്കുന്ന ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. ഇവിടെ എല്ലാ ഇടതുപക്ഷ സംഘടനകളും, ബാങ്കുകൾ കൊടുക്കുന്ന പണത്തിനുപോലും ബാങ്കു ഉദ്യോഗസ്ഥൻമാർ ലയബിളാകാൻ പാടില്ല എന്നു പറഞ്ഞുകൊണ്ട് അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രക്ഷോഭണം നടത്തുമ്പോൾ ഇവിടെ സ്ഥാപനത്തിനു വേണ്ടി വാങ്ങിക്കുന്ന പണം, അതിന്റെ ഉത്തരവാദിത്വം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചു കഴിഞ്ഞാൽ ആരു പണമെടുക്കാനുണ്ടാകും? ഏതെങ്കിലും സ്ഥാപനം എടുക്കുമോ? ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ പണം എടുക്കാൻ തയ്യാറാകുമോ? 500 കോടി രൂപ ഈ വർഷം വന്നാൽ ആ 500 കോടി രൂപയിൽ ഒരു പൈസ പോലും ഈ സംസ്ഥാനത്ത്, ഗവൺമെന്റ് ഉദ്ദേശിക്കുന്ന തരത്തിൽ അടിസ്ഥാനസൗകര്യങ്ങൾക്കു വേണ്ടി ചെലവാക്കാനാകില്ല. ഇന്ന് സംസ്ഥാനത്തിന്റെ ലജനാവു കാലിയാണ്. നമ്മുടെ വേയ്സ് ആന്റ് മീൻസ് എങ്ങനെ ഭദ്രമാക്കാൻ പറ്റും? പതിമ്മൂന്നേകാൽ ശതമാനം പലിശയ്ക്കു വാങ്ങി നമ്മുടെ സംസ്ഥാനത്തെ വേയ്സ് ആന്റ് മീൻസ് പൊസിഷൻ ഭദ്രമാക്കാൻ കഴിയുന്നതൊഴിച്ചാൽ അടിസ്ഥാന സൗകര്യവികസനത്തിനു വേണ്ടി ഒരു പൈസ പോലും ചെലവാക്കാനാകില്ല. ഇതിനൊരു ബോർഡുണ്ട്. ചീഫ് സെക്രട്ടറിയാണ് അതിന്റെ ചെയർമാൻ. ഏഴു സെക്രട്ടറിമാർ ഉള്ള ഒരു ബോർഡാണ്. അതിന്റെ ഓഫീസ് സെക്രട്ടേറിയറ്റാണ്. ഈ ബോണ്ട് പിരിച്ചുകഴിഞ്ഞാൽ കൃത്യമായി ആറാം മാസത്തിൽ പലിശ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സെക്രട്ടേറിയറ്റു തന്നെ ജപ്തി ചെയ്തുകൊണ്ടുപോകുമോ എന്നു ഞാൻ ഭയപ്പെടുകയാണ്. ഇത്തരത്തിലുള്ള തട്ടിപ്പുകൾ മാറ്റിവച്ചുകൊണ്ട് പ്രത്യേകമായ ബോർഡുകളുണ്ടാക്കി, പ്രത്യേകമായ ആട്ടോണമസ് ബോഡികളുണ്ടാക്കി പണം സമാഹരിച്ച് ഈ സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇതിന്റെ നല്ല ഉദ്ദേശത്തെ പൂർണ്ണമായി പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി : സർ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമില്ല. അക്കാര്യത്തിൽ എല്ലാപേരും യുണാനിമസ് ആണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേയ്ക്ക് take off ചെയ്യണമെങ്കിൽ ഇവിടെ അടിസ്ഥാന സൗകര്യങ്ങളുണ്ടായെങ്കിൽ മാത്രമേ എല്ലാ മേഖലയിലും വ്യവസായങ്ങൾ കൊണ്ടുവരാൻ കഴിയുകയുള്ളൂ, അതുപോലെ തൊഴിൽ വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ തീർച്ചയായും നല്ല കാര്യങ്ങളാണ്. പക്ഷെ ഇപ്പോൾ വന്നിരിക്കുന്ന നിലയിൽ ഈ ബിൽ പാസ്സാക്കിയാൽ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുമോ എന്നുള്ള കാര്യം വളരെ സംശയമാണ്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ബില്ലിന്റെ ലക്ഷ്യമെന്നുപറയുന്നത് ഇതിൽ ഒരു hidden agenda ഉണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒളിഞ്ഞിരിക്കുന്ന ലക്ഷ്യമെന്നുപറയുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ways and means - ന്റെ ബുദ്ധിമുട്ട് പരിഹരിക്കുകയെന്നുള്ളതാണ്. ഇപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് കടമെടുത്താണ് കാര്യങ്ങൾ നടത്തുന്നത്. സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും അതുപോലെ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുപോലും കടമെടുത്താണ് കാര്യങ്ങൾ നടത്തുന്നത്. ഗവൺമെന്റ് overdraft -ലാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല, അതൊരു ചർച്ചയാക്കാനും ഉദ്ദേശിക്കുന്നില്ല. *(അദ്ധ്യക്ഷ വേദിയിൽ മി.സ്പീക്കർ).*

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിനെ സംബന്ധിച്ച് ഇന്നലെ ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി, ഇതിനെ സംബന്ധിച്ചിടത്തോളം ഭരണഘടന 293(3) അനുസരിച്ചാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി യില്ലാതെ സംസ്ഥാന ഗവൺമെന്റിന് കടമെടുക്കാൻ കഴിയില്ല; അതുകൊ ണ്ടാണ് ഞങ്ങൾ ഇപ്രകാരം ഒരു നിധി ഏർപ്പെടുത്തുന്നതെന്ന് പറഞ്ഞതെ ങ്കിലും subsequent- ആയിട്ട് ഞാൻ ഒരു ക്രമപ്രശ്നം പോലെ, അതൊരു fraud ആണ്, ഗവൺമെന്റ് ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ലയെന്ന് പറഞ്ഞ പ്പോൾ സൗകര്യപൂർവ്വം രണ്ടാമത് ടിപ്പണി കൊണ്ടുവന്നുവെങ്കിലും .....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇത് ഇന്നലെ പരാമർശിച്ചതാണ്. 293(3) ആർട്ടിക്കിൾ ഈ ബില്ലിൽ hit ചെയ്തുവ ന്നപ്പോൾ അത് ഗവൺമെന്റ് borrowings -നെ ബാധകമുള്ളു മറ്റുള്ള ഓട്ടോണ മസ് ബോഡീസ് ബോണ്ട് ഇറക്കുമ്പോൾ അതിൽ ഗ്യാരന്റി നിൽക്കുന്നതിന് 293(3) hit ചെയ്യുകയില്ല എന്നാണ് ഞാൻ പറഞ്ഞത്. അങ്ങനെ ഗവൺമെന്റിന് കടമെടുക്കാൻ പറ്റാത്തതുകൊണ്ട് ഇങ്ങനെ circumvent വരുത്താൻ മെമ്പർ അങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. കെ.എം. മാണി : യു.ഡി.എഫ്. ഗവൺമെന്റിന് ബുദ്ധിതെളി ഞ്ഞില്ല, എൽ.ഡി.എഫ്. ഗവൺമെന്റിന് ബുദ്ധിതെളിഞ്ഞിരിക്കുന്നുവെന്നുള്ള നിലയ്ക്ക് it was well received by the Ruling Front. ഞാൻ അത് പറഞ്ഞത്, പൂച്ച പുറത്തുവരുകയുണ്ടായി എന്നുമാത്രമേയുള്ളൂ. ഇതിനകത്ത് hidden ആയിട്ടുള്ള ലക്ഷ്യമെന്നുള്ളത് പൂച്ച പുറത്തുവരുകയുണ്ടായി, തന്നെയുമല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു അങ്ങ് ഇന്നലെ ആ കസേരയിലിരുന്നു പറഞ്ഞത് ഇതിൽ ഒരു പൈസപോലും ഗവൺമെന്റിന് അപ്രോപ്രിയേറ്റ് ചെയ്യാൻ കഴിയുന്നതല്ല എന്നാണ്. അപ്പോൾ ഞാൻ അതിനിടയിൽ intervene ചെയ്തുകൊണ്ട് ചോദിച്ചു ഇത് പബ്ലിക് അക്കൗണ്ടിലല്ലേ നിക്ഷേപിക്കുന്നതെന്ന്. ഈ ബിൽ നമ്മൾ പരിശോധിക്കുന്നു വെങ്കിൽ ഈ ബില്ലിന്റെ അഞ്ചാമത്തെ ക്ലാസിൽ പറയുന്നത്,

(5) All moneys specified in sub-section (2) shall be deposited into the public account of the Government or with the approval of the Government with any Scheduled Bank and the said account shall be operated by the Fund Manager will be deposited into the public account of the Government. ഇതാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. നമുക്കെല്ലാവർക്കും അറിയാം ബഡ്ജറ്റ് അവത രിപ്പിക്കുമ്പോൾ ബഡ്ജറ്റിൽ ഗവൺമെന്റിന് മൂന്ന് അക്കൗണ്ടുകൾ ഉണ്ട്. റവന്യൂ അക്കൗണ്ട്, ക്യാപിറ്റൽ അക്കൗണ്ട്, പബ്ലിക് അക്കൗണ്ട്. ഈ മൂന്ന് അക്കൗണ്ടുകളിലേയും നെറ്റ് ആണ് കമ്മിയായിട്ടോ മിച്ചമായിട്ടോ വരുന്നത്. ഈ മൂന്ന് അക്കൗണ്ടുകളിൽ മിച്ചമുണ്ടെങ്കിൽ മിച്ചമാണ്, കമ്മിയുണ്ടെങ്കിൽ കമ്മിയാണ്. ഗവൺമെന്റിന് കൈകാര്യം ചെയ്യാവുന്ന മൂന്ന് അക്കൗണ്ടുകളാ ണിത്. ഇത് budgetary operation-ന്റെ ഭാഗമാണ്. ഞാൻ ചോദിക്കുന്നത് ഗവൺമെന്റ് ഇപ്പോൾ 500 കോടി രൂപ നിധിയിലേയ്ക്ക് നിക്ഷേപിക്കുന്നു എന്നൊക്കെ പറയുന്നുണ്ടെങ്കിലും കാലാകാലങ്ങളിൽ ഇതിനകത്ത് വേണമെ ങ്കിൽ ഗവൺമെന്റിന് നിക്ഷേപിക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഉടനെ 500 കോടി രൂപ കൊടുക്കുകയല്ല. ഇതിനകത്ത് കടമെടുക്കുകയാണ്. ഈ ഇൻസ്റ്റി റ്റ്യൂഷൻ കടമെടുക്കുകയാണ്. ഇവിടെ പ്രൊഫ: എ.വി. താമരാക്ഷൻ പറഞ്ഞു. അവർ പുറപ്പെടുവിച്ചിരിക്കുന്ന ഇൻഫർമേഷൻ മെമ്മോറാണ്ടമനുസരിച്ച് 200 കോടി രൂപയുടെ കടപത്രം ഇറങ്ങിക്കഴിഞ്ഞു. 200 കോടി രൂപ സമാഹരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. ഈ 200 കോടി രൂപയും ധനകാര്യ വകുപ്പുമന്ത്രിയുടെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് ഡിപ്പോസിറ്റ് ചെയ്യുകയാണ്. ഇപ്പോൾത്തന്നെ ways and means-ന് ബുദ്ധിമുട്ടുന്ന ഗവൺമെന്റ് പബ്ലിക് അക്കൗണ്ടിൽ നിന്നും ആ പണം അനുദിനം വിനിയോഗിച്ചുകൊണ്ടിരിക്കും. ഇതാണ് വരാൻ പോകുന്നത്. അതിന്റെ ഫലമായി വരുന്നത് ഈ നിധിയിലേയ്ക്ക് നമുക്ക് തിരിച്ചുകൊടുക്കാൻ കഴിയുമോ? ഗവൺമെന്റ് ഒരുകൈകൊണ്ട് കൊടുക്കുന്നു മറുകൈകൊണ്ട് എടുക്കുകയാണ്. അതിൽനിന്നുമെടുക്കുന്ന തുക കൊടുക്കാൻ കഴിയാതെ വരുകയാണ്. അവസാനം bankruptcy -ലേയ്ക്ക് പോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് കറക്റ്റായിട്ട് പറഞ്ഞു ഇനി അടുത്ത് ഏത് ഗവൺമെന്റ് വന്നാലും ശരി, ആർക്കെങ്കിലും കൈകാര്യം ചെയ്യാൻ പറ്റുമോ? മൂക്കുകുത്തി വലിയ സാമ്പത്തിക കയത്തിലേയ്ക്ക് താണുകഴിഞ്ഞാൽ പിന്നെ നമ്മളെ ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. 500 കോടിക്കല്ല ഈ നിയമമനുസരിച്ച് ആയിരം കോടിയ്ക്ക് വരെ ഗ്യാരന്റി നൽകാം. പൊതുജനങ്ങളിൽ നിന്ന്, സ്ഥാപനങ്ങളിൽ നിന്ന്, ബിസിനസ്സുകാർ ആരുമാകട്ടെ from the public. Government mobilise ചെയ്യാൻ പോകുന്ന ആയിരംകോടിരൂപ പബ്ലിക് അക്കൗണ്ടിലേയ്ക്ക് ഇട്ടിട്ട് ഗവൺമെന്റ് അനുദിനം ചെലവുകൾ നടത്തിയിട്ട് നിങ്ങൾ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനാണെന്ന് പറഞ്ഞ് ഈ ചെലവ് മുഴുവൻ വരുത്തി കമ്മിയാക്കി ഈ സംസ്ഥാനത്തെ നിങ്ങൾ എങ്ങോട്ട് കൊണ്ടുപോകുമെന്ന് ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇതിന് ഉത്തരം പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആയിരം കോടി രൂപ പബ്ലിക് അക്കൗണ്ടിൽ വന്നാൽ ways and means ഈ ഭരണകാലത്ത് ഭംഗിയായി കൊണ്ടുപോകാൻ കഴിയുമെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ.എം. മാണി : ബഹുമാനപ്പെട്ട ശിവദാസമേനോൻ, ഈ രൂപ മുഴുവൻ അങ്ങുപോലുമറിയാതെ ഈ ഗവൺമെന്റ് അപ്രോപ്രിയേറ്റ് ചെയ്തുകൊണ്ട് പോകും. അതാണ് വരാൻ പോകുന്ന ബുദ്ധിമുട്ട്.

ശ്രീ. പി.പി. തങ്കച്ചൻ : സാമ്പത്തികമായി തകർന്ന ഒരു ഗവൺമെന്റിന് ഇതല്ലാതെ വേറെ എന്താണൊരു മാർഗ്ഗം?

ശ്രീ. കെ.എം. മാണി : ഈ ബില്ലിനകത്ത് ഇത് പ്രോജക്ടുകൾക്കല്ലാതെ മറ്റ് കാര്യങ്ങൾക്കും ഉപയോഗിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. നമ്മളോട് പറഞ്ഞിട്ടുള്ളതെന്താണ്? പവർ പ്രോജക്ട്, റോഡ് പ്രോജക്ട്, വാട്ടർ പ്രോജക്ട് ഇതിനുവേണ്ടി ചെലവാക്കും എന്നല്ലേ? ഇതിനുവേണ്ടിയല്ലാതെ മറ്റ് കാര്യങ്ങൾക്കുവേണ്ടിയും ചെലവാക്കാമെന്ന് ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുകയാണ്. മൂന്നാമത്തെ ക്ലാസിൽ(ഡി) യിൽ പറയുന്നത് പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പിലാക്കുന്നതിനാണ്. പദ്ധതിയെന്നത് ഗവൺമെന്റ് ഒരു റൂളായിട്ട് the scheme may be formulated as may be prescribed. ഈ റൂളിൽ പറയുന്നതനുസരിച്ച് scheme ഉണ്ടാക്കും. പലപ്പോഴും നിയമസഭയിൽ കൊണ്ടുവന്ന് ഹാജരാക്കണം അത്രമാത്രമേ ഒരു obligation ഉള്ളൂ. ആ സ്കീമിൽ എന്തുപറയും. ആ സ്കീമിൽ എന്തിന് ഒളിച്ച് വയ്ക്കണം. ചെയ്യുന്ന കാര്യങ്ങൾ ആ നിയമത്തിനകത്ത് പറയണം. അല്ലാതെ ചെയ്യുന്ന കാര്യങ്ങൾ നിയമത്തിനകത്ത് പറയാതെ ഇനി കൊണ്ടുവരാൻ പോകുന്ന റൂളിനകത്ത് വിഭാവനചെയ്യുന്ന മറ്റുകാര്യങ്ങൾക്കുവേണ്ടി ചെലവാക്കാൻ കഴിയുമെന്ന് പറഞ്ഞാൽ ഞങ്ങൾ ഇത് പാസ്സാക്കി തരണമോ? അപ്പോൾ അതിന്റെ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഉദ്ദേശിക്കുന്ന കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാം എന്നാണ്. ബില്ലിലെ ക്ലാസ് 6 (ജി)-ൽ പറയുന്നത് കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന ബോർഡിന്റെ മിച്ചംവരുന്ന തുക പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരം നിക്ഷേപിക്കുകയും അങ്ങനെയുള്ള നിക്ഷേപങ്ങൾ അനുഭവസിദ്ധമാക്കുകയും ചെയ്യുക എന്നാണ്. അപ്പോൾ മിച്ചം വരുന്ന തുക മറ്റ് കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാമെന്ന് ഈ നിയമത്തിനകത്ത് പറഞ്ഞിട്ടുണ്ട്. 6(g) to invest any surplus fund of the Board, as may be available from time to time, in such manner as may be specified in the Scheme സർപ്ലസ് എങ്ങനെ വിനിയോഗിക്കണം? May be invested in such manner as may be specified in the Scheme and also to realise such investments. അതിനെപ്പറ്റി ഒരു വിവരവുമില്ല. ഇങ്ങനെ പണം വന്നാൽ ഇത് തിരിച്ചുകൊടുക്കുന്നതിന് ഗവൺമെന്റിന് കപ്പാസിറ്റി വേണ്ടേ? ഇപ്പോൾതന്നെ കടത്തിൽ മുങ്ങിനിൽക്കുന്ന, ഓവർഡ്രാഫ്റ്റിൽ പതിച്ചിട്ടുള്ള, ട്രഷറി വരെ അടച്ചുപൂട്ടപ്പെട്ട ഈ സന്ദർഭത്തിൽ കിട്ടുന്ന തുകയെല്ലാമെടുത്ത് അപ്രോപ്രിയേറ്റ് ചെയ്തുകഴിഞ്ഞാൽ സമയത്തിന് തിരിച്ചടയ്ക്കാൻ കഴിയുമോയെന്ന് ഞാൻ ചോദിക്കുകയാണ്. റീപേയിംഗ് കപ്പാസിറ്റി വളരെ മോശമാണ്. ഇത് ഒരു സ്പെഷ്യൽ അക്കൗണ്ടിലേയ്ക്ക് പോകണമെന്നുള്ളതാണ് എന്റെ ഒരു നിർദ്ദേശം. ഇത് പബ്ലിക് അക്കൗണ്ടിൽനിന്ന് മാറ്റണം. ധനകാര്യമന്ത്രിക്കും ഈ നിധിയിലെ ഒരു മെമ്പറായ ധനകാര്യ സെക്രട്ടറിക്കും എപ്പോൾ വേണമെങ്കിലും അപ്രോപ്രിയേറ്റ് ചെയ്യാവുന്ന പബ്ലിക് അക്കൗണ്ടിൽനിന്ന് മാറ്റിക്കൊണ്ട് ഈ തുക ഒന്നുകിൽ വേറെ അക്കൗണ്ട് തുടങ്ങി നിക്ഷേപിക്കണം, അല്ലെങ്കിൽ നിയമത്തിനകത്ത് ഈ തുക സർക്കാരിന്റെ വേയ്സ് ആന്റ് മീൻസിനുവേണ്ടി ഉപയോഗിക്കാവുന്നതല്ല എന്നുള്ള പ്രൊഹിബിഷൻ ഉണ്ടാകുന്നില്ലായെങ്കിൽ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് എത്താൻ പറ്റുകയില്ല. അതുകൊണ്ട് അതിലൊരു തീരുമാനം ഉണ്ടാകണം. മറ്റൊരു കാര്യം, കേന്ദ്ര ഗവൺമെന്റിന്റെ പ്രോജക്ട്സിനകത്ത് ഇൻഡസ്ട്രിയൽ പാർക്ക് ഉൾപ്പെടുത്തണം. അതുപോലെ ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസിൽ പ്രൈവറ്റ് ഇൻവെസ്റ്റുമെന്റ് ആകർഷകമായിട്ട് വരണമെന്നുണ്ടെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇൻവെസ്റ്റ് ചെയ്യുന്ന ആളുകൾക്ക് ടാക്സ് എക്സംപ്ഷൻ കൊടുക്കും, കൺസിഷൻസ് കൊടുക്കുമെന്ന് പറയുകയും പ്രൊസീഡ്യുവർ സിംപ്ലിഫൈ ചെയ്യുകയും വേണം. എങ്കിൽ മാത്രമേ പ്രൈവറ്റായിട്ടുള്ള വ്യക്തികളെ കൊണ്ടുവന്ന് ഇൻവെസ്റ്റ് ചെയ്യിക്കത്തക്കവണ്ണം, അതിനെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകാൻ പറ്റുകയുള്ളൂ. അതിന് നമുക്ക് ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂഷൻ ആണ് വേണ്ടത്. കേന്ദ്ര ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചറൽ ഡവലപ്മെന്റ് ഫിനാൻസ് കമ്പനി ഉള്ളതുപോലെ അതേ മാതൃകയിൽ ഈ നിധി കൊണ്ടുവന്ന് പബ്ലിക് അക്കൗണ്ടിൽ പണമിട്ട് ഗവൺമെന്റിന് അപ്രോപ്രിയേറ്റ് ചെയ്യാൻ സൗകര്യം കൊടുക്കുന്നതിനു പകരം കേരള ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ഒരു ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫിനാൻസ് കമ്പനി, ഓട്ടോണോമസ് കമ്പനി രൂപീകരിച്ചുകൊണ്ട്, അതിലേയ്ക്ക് പബ്ലിക് ഡെപ്പോസിറ്റ് സ്വീകരിച്ച്, പബ്ലിക് പാർട്ടിസിപ്പേഷൻ ഉണ്ടാക്കിക്കൊണ്ട് നമ്മൾ പോകുന്നുവെങ്കിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കാര്യമായി നടത്താനാകും. അതുപോലെ പവർ പ്രോജക്ട്സ് എടുക്കുന്നുവെങ്കിൽ ആ പ്രോജക്ട്സിന് ആനുകൂല്യം കൊടുക്കുക, ഇൻസെന്റീവ്സ് കൊടുക്കുക, ടാക്സ് കൺസെഷൻസ് കൊടുക്കുക. പണം മുടക്കുന്ന ആളുകളെ ആ നിലയിലേയ്ക്ക് കൊണ്ടുവന്ന് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ എൻകറേജ് ചെയ്യാൻ കഴിയുന്നുവെങ്കിൽ നമുക്ക് ഇവിടത്തെ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയും. ഓട്ടോണമസ് റഗുലേറ്ററി ബോഡി പവർ സെക്ടർ, റോഡ് സെക്ടർ തുടങ്ങി ഓരോ സെക്ടറിലും രൂപീകരിച്ചുകൊണ്ട്, ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ശ്രദ്ധ പതിപ്പിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അതു സംബന്ധിച്ച് പ്രയോജനം ലഭിക്കും. ഗവൺമെന്റിന്റെ ഇപ്പോഴത്തെ സ്കീം അനുസരിച്ച് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനെ സംബന്ധിച്ചിടത്തോളം ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കാൻ പോകുന്നില്ല. അതുകൊണ്ട് പ്രൈവറ്റ് മേഖലയ്ക്ക് കൂടുതൽ ഇൻവോൾമെന്റ് കൊടുത്തുകൊണ്ട് പ്രൈവറ്റ്മേഖലയിൽ സ്ഥാപനങ്ങൾ കൊണ്ടുവന്നുകൊണ്ട്, ഗവൺമെന്റിന്റെ പാട്രണേജിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിലേയ്ക്ക് നമുക്ക് കടക്കണം. അതിനുവേണ്ടി ഗവൺമെന്റ് സത്വരമായ നടപടികൾ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട്, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, കേരളം പല കാരണങ്ങൾകൊണ്ടും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി നിൽക്കുന്ന ഒരു സംസ്ഥാനമാണ്. കേരളത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളത് കേരളത്തിലെ ജനങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. പ്രത്യേകിച്ചും റോഡ്, വൈദ്യുതി, ജലസേചനം, ശുദ്ധജലവിതരണം, പോർട്ട് തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപം ജനങ്ങൾ ആഗ്രഹിക്കുന്നതാണെന്നു മാത്രമല്ല അത് കേരളത്തിൽ കൂടുതൽ അത്യാവശ്യമുള്ളതുമാണ്. കേരളം ഒരു കൺസ്യൂമർ സംസ്ഥാനം എന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന ഡീസൽ വില വർദ്ധനവ് ഉൾപ്പെടെയുള്ള വിവിധങ്ങളായ സാമ്പത്തിക നയങ്ങളെ തുടർന്ന് കൂടുതൽ ബാദ്ധ്യത ഏറ്റെടുക്കേണ്ടുന്ന സംസ്ഥാനത്തിന്റെ പട്ടികയിൽ വരികയാണ്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.എം. മാണി ഉൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കൻമാർ വിശദീകരിക്കുകയുണ്ടായി. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി മാത്രമല്ല, ലോകത്താകെ മൂതലാളിത്ത ഉൽപ്പാദനവിതരണ നയത്തെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടു പോകുന്ന രാജ്യങ്ങളിലാകെ, പണ്ടെല്ലാം തിളക്കമാർന്ന മുന്നേറ്റമുണ്ടെന്ന് പറഞ്ഞിരുന്ന രാജ്യങ്ങളിലാകെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ്. ആ പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെട്ട ഒരു രാജ്യമല്ല ഇൻഡ്യ എന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. 90,000 കോടി ഉറുപ്പികയുടെ കടം വാങ്ങിയതിന്റെ പലിശ അടച്ചുതീർക്കുന്നതിനുവേണ്ടി വീണ്ടും കടം വാങ്ങുന്ന ഒരു രാജ്യമാണ് ഇൻഡ്യ. ഈ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറുന്നതിനുവേണ്ടിയാണ് എന്നു പറഞ്ഞുകൊണ്ടാണ് ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ഷെയറുകൾ വിൽക്കാൻ തീരുമാനിച്ചത്. ഞങ്ങളുടെ സാമ്പത്തിക നയമാണ് ബി.ജെ.പി. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നാണ് കോൺഗ്രസ്സിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞത്. അതായത് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതെല്ലാം വിൽക്കുക, നഷ്ടത്തിൽ പ്രവർത്തിക്കുന്നതെല്ലാം പൂട്ടുക, ഐ.എം.എഫ്-ന്റേയും ലോക ബാങ്കിന്റേയും ഗാട്ടിന്റെ പുതിയ രൂപം, വേൾഡ് ഓർഗനൈസേഷന്റെ തീരുമാനത്തിനു വഴങ്ങി ഈ രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂടുതൽ കൂടുതൽ നീക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക നിലപാടുകളാണ് കോൺഗ്രസ്സ് അംഗീകരിച്ചുകൊണ്ടിരിക്കുന്നത്. ആ കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അതേപോലെതന്നെയോ അതിനെക്കാൾ ശക്തമായ രീതിയിലോ പിന്തുടർന്ന് മുന്നോട്ടുപോകുന്ന നിലപാടാണ് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് അനുവർത്തിച്ചിട്ടുള്ളത്. ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടുകൾ കോൺഗ്രസ്സ് (ഐ) പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു എന്ന് ഇന്നലെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ശ്രീ. കെ. ബാബു ഉൾപ്പെടെയുള്ള കോൺഗ്രസ്സിലെ അംഗങ്ങൾ ഈ നിലപാട് അംഗീകരിക്കുന്നു എന്നാണ് ചൂണ്ടിക്കാണിച്ചത്. ബി.ജെ.പി. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നിലപാടുകൾ ഞങ്ങളുടെ നിലപാടാണെന്നാണ് കോൺഗ്രസ്സിലെ അംഗങ്ങൾ ഇന്നലെ ഈ സഭയിൽ പറഞ്ഞിട്ടുള്ളത്. എന്നുപറഞ്ഞാൽ ഇൻഡ്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായി തകർക്കുന്നു, എൽ.ഐ.സി. സ്വകാര്യവൽക്കരിക്കുന്നു. സ്വകാര്യവൽക്കരണം മാത്രമല്ല ബഹുരാഷ്ട്ര കമ്പനികൾക്ക് വിൽക്കാൻ തീരുമാനിച്ചതിന് പിന്തുണ കൊടുക്കുന്നവരാണ് കോൺഗ്രസ്സുകാർ. ശ്രീമതി സോണിയാഗാന്ധി ഉൾപ്പെടെയുള്ള ആളുകൾ ആദ്യം അതിനെ എതിർക്കുമെന്ന് പറഞ്ഞെങ്കിലും പിന്നീട് പൂർണ്ണമായി അംഗീകരിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വ്യവസായ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അപ്പോസ്തലൻമാരായിട്ട്, പുരോഗതിയുടെ പ്രധാനപ്പെട്ട വക്താക്കളായി പറഞ്ഞ കോൺഗ്രസ്സ് ബാങ്ക് സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനത്തിന് പൂർണ്ണമായ പിന്തുണ കൊടുക്കാൻ പോകുകയാണ്. കോൺഗ്രസ്സ് എടുക്കുന്ന നിലപാടുകൾ ബി.ജെ.പി.യും ഇന്ന് തുടരുന്നു എന്നു പറഞ്ഞാൽ നിങ്ങളുടെ വർഗ്ഗ നിലപാട് ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾപോലെ പരസ്പര പൂരകമാണ് എന്ന് ജനങ്ങൾക്ക് കൂടുതൽ കൂടുതൽ ബോദ്ധ്യപ്പെട്ട് വരികയാണ്. ആ സാമ്പത്തിക നിലപാടുകളിൽ മാറ്റം വരുത്താതെ ഇൻഡ്യാ രാജ്യം രക്ഷപ്പെടാൻ പോകുന്നില്ല, ഇൻഡ്യയിലെ സംസ്ഥാനങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. കേരളവും രക്ഷപ്പെടാൻ പോകുന്നില്ല. ഏതെങ്കിലും ഒരു സംസ്ഥാനം മാത്രം ഒരു തുരുത്തായി മാറിനിൽക്കുമെന്ന് പറയാനാവുകയില്ല. ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയേയും അതിന്റെ സാമ്പത്തിക നിലപാടുകളേയും ശക്തിയായി അംഗീകരിക്കുകയും അതിന്റെ ഭാഗമായി വന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന നിലപാടാണ് കോൺഗ്രസ്സ് എടുത്തുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ഏതായാലും എൽ.ഐ.സി സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി, ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി, പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായും തകർക്കുന്നതിലേക്ക് എത്തിച്ചേർന്ന, ലാഭകരമായി പ്രവർത്തിക്കുന്നതെല്ലാം വിൽക്കുന്നതിനുവേണ്ടി, നഷ്ടത്തിൽ പ്രവർത്തിക്കുന്നത് മുഴുവൻ പൂർണ്ണമായിട്ടും അടച്ചു പൂട്ടുന്നതിനുവേണ്ടി തീരുമാനിച്ച് മുന്നോട്ടു പോകുന്ന നിലപാടുകൾക്കെതിരായി ശക്തിമത്തായി ഇന്ത്യയിലെ ജനങ്ങൾ പ്രതിഷേധിക്കുന്നു എന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഒരു പശ്ചാത്തലത്തിൽ കേരളത്തിലെ ബഡ്ജറ്റുമാത്രം അടിസ്ഥാനപ്പെടുത്തി കേരളത്തിലെ പശ്ചാത്തല സൗകര്യം വികസിപ്പിക്കാനും പൂർണ്ണമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും സാധിക്കുന്നതല്ല. ഈ കാര്യം മനസ്സിലാക്കിയിട്ടാണ് ഗവൺമെന്റ് ശരിയായ രീതിയിലുള്ള നിലപാട് സാമ്പത്തിക മേഖലയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് 11 ദിവസം ട്രഷറി അടച്ചു പൂട്ടേണ്ടി വന്നെങ്കിൽ ഈ കഴിഞ്ഞ മൂന്നര വർഷക്കാലത്തിനിടയിൽ ഒരു ദിവസം പോലും ട്രഷറി പൂട്ടാതെ ഈ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയേയും തരണം ചെയ്തുകൊണ്ട് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നതിന് കേരളത്തിലെ ഗവൺമെന്റിനു അതിന്റെ സാമ്പത്തിക മാനേജ്മെന്റിൽ സാധിച്ചിട്ടുണ്ട് എന്ന കാര്യം നിങ്ങൾ തന്നെ അംഗീകരിക്കേണ്ടിവരും.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മാസ്റ്റർ സംസാരിച്ചപ്പോൾ ഒറ്റ ദിവസം പോലും ഈ ഗവൺമെന്റ് ട്രഷറി പൂട്ടിയിട്ടില്ലെന്നു പറഞ്ഞല്ലോ. ട്രഷറി അടച്ചില്ലെങ്കിലും പേമെന്റ് പൂർണ്ണമായും സ്റ്റോപ്പ് ചെയ്തുവെന്ന് എല്ലാ പത്രങ്ങളിലും വാർത്ത വന്നിരുന്നു. കതകടച്ചില്ലായിരിക്കാം. പക്ഷേ ട്രഷറി പേമെന്റ് പൂർണ്ണമായും സ്റ്റോപ്പു ചെയ്തുവെന്നാണ് പത്ര വാർത്ത വന്നത്. ധനകാര്യ സെക്രട്ടറിയുടെ പ്രസ്താവനയും വന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ള കോൺഗ്രസ്സുകാരും യു.ഡി.എഫ് കാരും ആഗ്രഹിക്കുന്നത് എങ്ങനെയെങ്കിലും ട്രഷറി പൂട്ടണമെന്നാണ്. അത് പൂട്ടാതിരിക്കുന്നുവെന്നുള്ളതാണ് നിങ്ങൾക്കുള്ള വേവലാതി. യഥാർത്ഥത്തിൽ വേറൊരു പ്രശ്നവും ഇതിനകത്തില്ല. കയ്ച്ചിട്ട് ഇറക്കാനും സാധിക്കുന്നില്ല മധുരിച്ചിട്ട് തുപ്പാനും സാധിക്കുന്നില്ല എന്നു പറഞ്ഞതുപോലെയാണ് ഈ ബിൽ. നിങ്ങൾക്ക് അത് അംഗീകരിക്കാതെ മുന്നോട്ടു പോകാൻ സാധിക്കുകയില്ല. കാരണം ഈ ഗവൺമെന്റ് മൂന്നര കൊല്ലക്കാലത്തിനിടയിൽ ട്രഷറി പൂട്ടിയിട്ടില്ല. പൂട്ടാതെ തുടരുന്നു. എന്നാൽ നിങ്ങൾ 5 കൊല്ലക്കാലത്തെ ഭരണത്തിനിടയ്ക്ക് 11 ദിവസം പൂട്ടിയിട്ടു. ഞങ്ങൾ ഇനിയും ട്രഷറി പൂട്ടാതെ തുടരും എന്നുള്ളതാണ് നിങ്ങൾക്കുള്ള വെപ്രാളവും വേവലാതിയും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സാമ്പത്തിക മാനേജ്മെന്റ്. പൂർണ്ണമായിട്ട് എല്ലാ പേരും അംഗീകരിച്ചിട്ടുള്ള ഒന്നാണെന്ന് രേഖകൾ ഉദ്ധരിച്ചുകൊണ്ട് തന്നെ ഇവിടെ മുൻപ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ട് പശ്ചാത്തല സൗകര്യം ശരിയായ രീതിയിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 500 കോടി രൂപ മാത്രമല്ല, 1500 കോടി രൂപ കേരളത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാനുള്ള ഒരു പ്രത്യേക നിധിയാണ് സ്വരൂപിച്ചു മുന്നോട്ടു കൊണ്ടുപോകുന്നത്. അതിനെ ഫലപ്രദമായി കൈകാര്യം ചെയ്ത് മുന്നോട്ടുകൊണ്ട് പോകാനുള്ള മാനേജുമെന്റ് രീതിയും അത് കൈകാര്യം ചെയ്യുന്ന സ്റ്റാറ്റ്യൂട്ടറി ബോഡി എന്ന രീതിയിൽ തന്നെ ബോർഡ് പ്രവർത്തിക്കുകയാണ്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയാൽ ഈ കേരളത്തിന് വൻപിച്ച നേട്ടമാണ് ഉണ്ടാക്കാൻ സാധിക്കുക. കേരളത്തിന്റെ ചിത്രം തന്നെ മാറ്റുന്നതിനുവേണ്ടി ഇതുപോലുള്ള ഫണ്ടു ഉപയോഗിക്കാൻ കഴിയും. അങ്ങനെ ബഡ്ജറ്റിന്റെ ഭാഗമായിട്ട് മാത്രമായി പണം ഉപയോഗിച്ചുകൊണ്ട് മുന്നോട്ടു പോയാൽ ചെയ്യാൻ തീരുമാനിക്കുന്ന കാര്യങ്ങൾ നിർവഹിക്കാൻ സാദ്ധ്യമല്ല എന്ന് ബോദ്ധ്യപ്പെട്ട പശ്ചാത്തലത്തിൽ, ഇതുപോലുള്ള ഒരു ഫണ്ട് സ്വരൂപിച്ചുകൊണ്ട് കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ സാധിക്കുന്ന വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാനാണ് ശ്രമിക്കേണ്ടത്. അതിനു ആവശ്യമായ രീതിയിലുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇതിന്റെ ഒരു പോർഷൻ ഞാൻ റീപ്ലൈ ചെയ്തതാണ്. അതായത് ഈ ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3) ന് എതിരാണെന്നുള്ള പോയിന്റ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ മറുപടി പറഞ്ഞു. അഡ്വക്കേറ്റ് ജനറലിന്റെ ഒപ്പിനിയനാണ് ഗവൺമെന്റ് ലീഗലായിട്ട് എടുക്കേണ്ടതെന്ന് പറഞ്ഞു. അതിനു അങ്ങ് റൂളിംഗും തന്നു.

മി. സ്പീക്കർ : ദാറ്റ് ചാപ്റ്റർ ഈസ് ക്ലോസ്ഡ്.

ശ്രീ. ടി. ശിവദാസമേനോൻ : ഇനിയുള്ള കാസ്റ്റ്യൻ. ഇവിടെ Eighth Plan size 5460 കോടി രൂപയാണ്. Ninth Plan size 16100 കോടി രൂപ. ഇതിൽ 300 ശതമാനം hike ആണ് പ്ലാനിൽ ഉള്ളത്. ചില സ്റ്റേറ്റുകളിൽ Plan size ഡബിൾ ചെയ്തിട്ടേയുള്ളു. ആ ഡബിൾ ചെയ്തത് വരെ budgetary source കൊണ്ടുമാത്രം ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ഏഴോ, എട്ടോ സ്റ്റേറ്റുകൾ ഇതുപോലുള്ള ലെജിസ്ലേഷൻ ഫണ്ട് raise ചെയ്യാൻ വേണ്ടി കൊണ്ടു വന്നിട്ടുണ്ട്. അതിൽ മൂന്നെണ്ണത്തിന്റെ ഡോക്യുമെന്റ് ഇവിടെ എടുത്തിട്ടുണ്ട്. വെസ്റ്റ് ബംഗാൾ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്, നാഷണൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗ്, കർണ്ണാടക ഇൻഡസ്ട്രീയൽ ഏരിയാസ് ഡെവലപ്മെന്റ് ഇതിന്റെയെല്ലാം ആക്ടും സ്കീമും ഒക്കെ ഇവിടെയുണ്ട്. പിന്നെ കോർപ്പറേഷനാക്കിയാൽ സെപ്പറേറ്റ് ചെലവു വരുമെന്നു പറഞ്ഞു. ഇതിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ശ്രീ. വിനോദ് റായ്, പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ്), ശ്രീ. ബാബു ജേക്കബ്, സെക്രട്ടറി (പബ്ലിക് വർക്സ്), സെക്രട്ടറി (പ്ലാനിംഗ്), ശ്രീ. ഏലിയാസ് ജോർജ്, സെക്രട്ടറി (ഇറിഗേഷൻ), ശ്രീ. വി.എസ്. സെന്തിൽ, സെക്രട്ടറി (റവന്യൂ), ഡോ. കെ.എം. എബ്രഹാം, സെക്രട്ടറി (ഫിനാൻസ് റിസോഴ്സ്) എന്നിവരാണ് മറ്റ് അംഗങ്ങൾ. പിന്നെ രണ്ട് പ്രൊഫഷണൽ എക്സ്പേർട്സിനെ വേണമെന്നു പറഞ്ഞു. അത് ഇന്നലെ ശ്രീ.ആര്യാടൻ മുഹമ്മദ് പറഞ്ഞത് രണ്ട് മാർക്സിസ്റ്റുകാരുടെ ഒഴിവ് ഇട്ടിരിക്കുന്നുവെന്നാണ്. രണ്ട് മാർക്സിസിറ്റുകാരെന്നു അദ്ദേഹം വിചാരിച്ച ആളുകളുടെ പേര് ഞാൻ പറയാം. ഒന്ന് ശ്രീ.കെ.ആർ ശ്രീകണ്ഠൻ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ, ഈ ആക്ടിൽ എന്റെ ഓർമ്മ സെക്ഷൻ (3) അല്ലെങ്കിൽ സെക്ഷൻ (4) കോൺസ്റ്റിറ്റ്യൂഷൻ ഓഫ് ദി ബോർഡ്.... ഗവൺമെന്റ് അറിയാതെ ഉദ്യോഗസ്ഥൻമാർ ചെയ്യുന്നത് നിയമവിരുദ്ധമല്ലേ ? ആ ബോർഡ് നില നിൽക്കുമോ ? അങ്ങനെ ഒരു മന്ത്രി സഭയിൽ പറയുന്നത് ശരിയാണോ ? മന്ത്രി അറിയാതെ ഗവൺമെന്റ് അറിയാതെ Secretary is also Government. സെക്രട്ടറിയല്ല എടുത്തിരിക്കുന്നത്. ബോർഡ് എടുത്തുവെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞതിന്റെ സദുദ്ദേശം എടുത്താൽ മതി.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ നിയമം തുടക്കത്തിൽ തന്നെ ലംഘിച്ചു കൊണ്ടു പോകുന്നു എന്നല്ലേ ഇതിന്റെയർത്ഥം?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പറഞ്ഞു തരാം. Two members nominated by the Government. ഞാൻ പറഞ്ഞ ആൾ അല്ല. രണ്ടു മാർക്സിസ്റ്റ് കാരെ ഇതിൽ തിരുകാനാണെന്നു ഇന്നലെ പറഞ്ഞു. അതു പറഞ്ഞപ്പോൾ ഈ രണ്ട് ആൾ ആരാണ് ? കമ്മ്യൂണിസ്റ്റ് വിരോധം കൊണ്ടു കേൾക്കുന്നതു മുഴുവൻ കമ്മ്യൂണിസ്റ്റ് വിരോധം, കാണുന്നത് മുഴുവൻ കമ്മ്യൂണിസ്റ്റ് വിരോധം,നടക്കുന്നത് മുഴുവൻ കമ്മ്യൂണിസ്റ്റ് വിരോധം. ശ്രീ.കെ.ആർ.ശ്രീകണ്ഠൻ, ജനറൽ മാനേജർ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. അദ്ദേഹം മാർക്സ്സിസ്റ്റുകാരനല്ല. ഞാൻ അയാളെ അറിയില്ല. ബയോഡേറ്റാ നോക്കിയപ്പോൾ തര

LIBRARY ARCHIVES Kerala Legislative Assembly

ക്കേടില്ലായെന്നുതോന്നി. റിട്ടയേർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ. ഇത് ഞാൻ ഇന്നലെ പറഞ്ഞതാണ്. അത് ബഹുമാനപ്പെട്ട ശ്രീ.ആര്യാടൻ കേൾക്കാതിരിക്കാൻ കാരണം, കമ്മ്യൂണിസ്റ്റ് വിരോധം ഒഴിച്ച് ബാക്കിയൊന്നും കേൾക്കാത്ത ആൾ പിന്നെ ഇതു കേൾക്കുമോ? വേറൊന്നുമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ ക്ളാസിലെ പ്രൊവിഷൻ എന്തെന്നു വച്ചാൽ ഗവൺമെന്റിന്റെ പ്രഷർ ഉള്ള കാലത്തോളം അത് തുടരുക. ഗവൺമെന്റിനു വേണമെങ്കിൽ തൽക്കാലം ഇവരെയെടുത്ത് കുറച്ചു ദിവസം കഴിഞ്ഞ് അവരെ ഒഴിവാക്കിയിട്ട് മാർക്സിസ്റ്റുകാരെ വയ്ക്കാം. ഞാൻ പറഞ്ഞത് ഈ സെക്രട്ടറിമാർ തന്നെ മതി. വേറെയാരും വേണ്ട. അവരൊക്കെ കഴിവുള്ളവരാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ബാങ്കിംഗ് ഫീൽഡല്ല അവരുടെ ഫീൽഡ്. അവർ ഫിസ്ക്കൽ മാനേജ്മെന്റിന്റെ എക്സ്പേർട്ട്സാണ്, സംശയമൊന്നുമില്ല. അവർ എക്സ്പേർട്ട്സാണെന്ന് മൂന്നരക്കൊല്ലം കാണിച്ചുതന്നല്ലോ. ഫിസ്ക്കൽ മാനേജ്മെന്റിൽ അവർ എക്സ്പെർട്ട്സാണ്. പക്ഷെ പ്രൊഫഷണൽ ബാങ്കിംഗിൽ എക്സ്പെർട്ടായിട്ടുള്ള രണ്ടാളുടെ പേര് വേണമെന്നാണ്. ഇതിൽ ഇന്ററസ്റ്റ് റേറ്റ്സ് 13.25 ശതമാനം കൂടുതലാണ് എന്നുപറഞ്ഞു. നമുക്ക് ഇവിടെ കിട്ടയത് വെസ്റ്റ് ബംഗാൾ 13.6 ശതമാനം, കർണ്ണാടക 14.5 ശതമാനം, ഡൽഹി 13.5 ശതമാനം, കേരളം 13.25 ശതമാനം പിന്നെ Kerala is the lowest. പിന്നെ 200 കോടിയല്ല 404 കോടി as on 10/12 കിട്ടിക്കഴിഞ്ഞു. മഹാഭൂരിപക്ഷവും കിട്ടിയത് ബോംബെ, കൽക്കട്ട, അഹമ്മദബാദ്, ചെന്നൈ എന്നിവിടങ്ങളിൽ നിന്നാണ്. അല്ലാതെ ഇവിടെനിന്നും, കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും എടുത്തുമറിച്ചതൊന്നുമല്ല. പിന്നെ മറ്റൊന്ന് പറയാനുള്ളത്, ഈ പെർമിഷൻ എസ്.എൽ.ആർ. ബോണ്ട്സനേയുള്ളൂ. പ്ലാനിന് ബോറോയിംഗ് ഒരു എ.ആർ.എം. ആകുമ്പോൾ അത് പ്ലാനിംഗ് കമ്മീഷൻ ഇത്രപേരെ ബോറോ ചെയ്യാൻ സമ്മതിക്കുന്നു. നേരെമറിച്ച് private placement bonds ഇതിന് ആവശ്യമില്ല. പിന്നെ ഇതിന്റെ ഒരു അട്രാക്ടീവ് ഫ്യൂച്ചർ ഒരു സിംഗിംഗ് ഫണ്ട് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നു. മുതലും പലിശയും അടയക്കാൻവേണ്ടി ഒരു സേഫ്റ്റി ഫണ്ട് വേറെ ഉണ്ടാക്കുന്നുണ്ട്. സ്റ്റാഹിനെ അപ്പോയിന്റ് ചെയ്യാനുള്ള സെക്ഷൻ 10 എന്നുള്ളത് it is only an enabling provision ഇതാണോ ഇതിൽ പറയാനുള്ളത്. പിന്നെ ഇവിടെവന്ന വിമർശനങ്ങളിൽ ഒന്നു, രണ്ടെണ്ണത്തിന് ഞാൻ മറുപടി പറയുകയാണ്. പെട്ടെന്ന് എന്തിന് ഓർഡിനൻസ് കൊണ്ടുവന്നു, ബിൽ കൊണ്ടുവന്നാൽ മതിയായിരുന്നില്ലേ? എന്തായിരുന്നു ഇത്ര ധൃതി. Ways and means അപകടത്തിൽ ആയതുകൊണ്ട് പെട്ടെന്ന് ways and means ശരിയാക്കാൻ വേണ്ടിയുള്ള ദുരുദ്ദേശത്തോടുകൂടി ഓർഡിനൻസ് കൊണ്ടുവന്നു, അല്ലെങ്കിൽ ഓർഡിനൻസിന്റെ ധൃതി എന്തായിരുന്നു. What was the frightful hurry? എന്തൊക്കെ ഇവിടെ പറഞ്ഞു. അത് ഒരു legitimate ചോദ്യമാണ്. ആ ചോദ്യത്തിനുള്ള ഉത്തരം പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഇത്തരമൊരു ഓർഡിനൻസ് കൊണ്ടുവരാൻ എന്താണ് കാരണമെന്ന് എക്കണോമിക് ടൈംസ് വായിച്ചാൽ മനസ്സിലാകും. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ എക്കണോമിക് ടൈംസ് ഒക്കെ വായിക്കുന്ന ആളാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇതൊന്നു നോക്കുക, കയ്യിൽ ഉണ്ടാകും. 11.12.99-ലെ 3-ാം പേജ് അതിൽ എന്താണ് പറയുന്നത്.

[1 P.M.]

LIBRARY ARCHIVES Kerala Legislative Assembly

Bonds set to jam private placement route.

A slew of bond issues by Central and State Government units and Corporations are slated to hit the private placement market even before the millennium draws to a close. With banks being flush with liquidity it is an issuers market and most of the Corporates plan to raise funds at rock bottom rates.

ധാരാളം ലിക്വഡിറ്റി ഫ്ളോ ഉള്ളപ്പോൾ, ആ ടൈം നോക്കി ചാകര ഉള്ളപ്പോൾ വല വീശണം. അതുകൊണ്ടാണ് ആ ഡേറ്റിനുതന്നെ We were watching the market. ബോറോയിംഗിനു പറ്റിയ സമയമാണോ, നമ്മൾ debenture ഇറക്കിയാൽ പോകുമോ അതുപോലെയാണ്. several State Government units have also joined the fray given the good liquidity conditions. This includes issues by Industrial Development Corporation of Orissa Ltd. (IDCOL) Rajasthan Industrial and Infrastructure Development Corporation അതു പോലെ, Maharastra. Kerala Infrastructure Fund Board. They are all entered the fray. അപ്പോൾ മറ്റു സ്റ്റേറ്റുകളൊക്കെ ബോണ്ട് ഇറക്കി കാശ് പിരിക്കാൻ നിൽക്കുമ്പോൾ നമ്മൾകൂടി ഇറങ്ങിയാൽ അത് ഒരു വലിയ മഹാപാതകമായി തീരുമോ? ഞാൻ ഒരു ലെജിസ്ലേഷനുവേണ്ടി വെയിറ്റു ചെയ്തിരുന്നു എങ്കിൽ now the trend is reversed. It will not stand for sometime. അന്ന് മുഖ്യമന്ത്രിമാരുടെയും, ധനകാര്യ വകുപ്പുമന്ത്രിമാരുടെയും സമ്മേളനത്തിൽ വച്ചുതന്നെ കേന്ദ്രമന്ത്രി പറഞ്ഞു, ബോറോയിംഗിന് രാജ്യത്ത് പണം സർപ്ലസായിട്ട് ഇല്ല, കിട്ടാനില്ല എന്ന്. പക്ഷേ when this was there, നല്ലൊരു കോൺക്രീറ്റ് സിറ്റുവേഷൻ ഉള്ളപ്പോൾ when the iron was hot വെയിലുള്ളപ്പോൾ വയ്ക്കോൽ ഉണക്കണം. അതുകൊണ്ടാണ് ഓർഡിനൻസ് ഇറക്കിയത്. ഒന്നു, രണ്ട് കാര്യങ്ങൾക്ക് ഞാൻ മറുപടി പറയുന്നു. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദാണ് കാര്യമായിട്ട് പറഞ്ഞത്. പ്രൊഫ. താമരാക്ഷനും ശ്രീ. മാണി സാറും പറഞ്ഞു, ഒക്കെ റെപ്പറ്റീഷനാണ് അതുകൊണ്ട് ഓരോ മറുപടിയേയുള്ളൂ. 15 കൊല്ലം വെഹിക്കിളിന്റെ ടാക്സ് നിങ്ങൾ വാങ്ങിച്ചു. അപ്പോൾ ഞങ്ങൾ വരുമ്പോൾ പിന്നെ ടാക്സ് പിരിക്കാൻ പറ്റില്ല. ഫസ്റ്റ് കസ്റ്റ്യൻ നിങ്ങൾ വരാൻ പോകുന്നില്ല. അതല്ല, രണ്ടമത് നിങ്ങൾ വന്നാൽതന്നെ എന്താ കുഴപ്പം? ആരുവന്നാലും one time tax. കാറുകൾ പുതിയത് വന്നുകൊണ്ടേയിരിക്കും. 99 -മോഡൽ 99-ൽ വാങ്ങും. അപ്പോൾ 15 കൊല്ലം രണ്ടായിരത്തിൽ അതേ മാതിരി കാർ വീണ്ടും വരും. അതും 15 കൊല്ലം. 2001-ലും 2002-ലും വീണ്ടും കാർ വരും. അതിനും 15 കൊല്ലം. ഞങ്ങൾ 15 കൊല്ലത്തെ വാങ്ങി വച്ചു എന്നുവച്ചാൽ പിന്നെ 15 കൊല്ലത്തേക്ക് ഇവിടെ കാറേ വരില്ല എന്നാണോ? 15 കൊല്ലത്തെ ടാക്സ് വാങ്ങിച്ച് വച്ചാൽ പിന്നെ നിങ്ങൾക്ക് ലോംഗ് ടേം ടാക്സ് ഇവിടെ മാത്രമല്ല. one time tax. In every State, it is one time tax. എത്തിക്സ് ഒന്നുമല്ല അത്. This is economics, fiscal management ഭൗതിക കാര്യങ്ങളണ് ഇവിടെ ചർച്ച ചെയ്യുന്നത്. ആത്മീയമല്ല. പിന്നെ കാപ്പിറ്റൽ അക്കൗണ്ടിന്റേയും പബ്ലിക് അക്കൗണ്ടിന്റേയും റവന്യൂ അക്കൗണ്ടിന്റേയും കാര്യം പറഞ്ഞു. ഇത് പബ്ലിക് അക്കൗണ്ടിൽ ആകണമെന്നുതന്നെ പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ any Scheduled bank. പബ്ലിക് അക്കൗണ്ടിൽ ഇടുന്നതിന് എന്തൊരു വിഷമമാണിവിടെ, എന്താ കാര്യമെന്ന് ചോദിച്ചാൽ വല്ല കഷ്ടകാലത്തിനും ഇത് ways and means-ന് ഒരു കുഷ്യനായാലോ? ഇതാണ് അവർ പറഞ്ഞത് I am quoting you. നിങ്ങൾ കുഷ്യനാവാനല്ല, അതെടുത്ത് ചെലവാക്കും എന്നാണ് പറയുന്നത്. ഖജനാവ് പൂട്ടാൻ എന്തൊരു തിരക്കാണ്. നിങ്ങളല്ല ആര് വിചാരിച്ചാലും ഖജനാവ് പൂട്ടാൻ കഴിയില്ല. റിസർവ് ബാങ്കിന്റെ കൽപ്പനയനുസരിച്ച് ഒരു മണിക്കൂർ

LIBRARY ARCHIVES Kerala Legislative Assembly

പൂട്ടിയിട്ടില്ല. നേരെമറിച്ച് കേന്ദ്ര ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റും ഒക്കെ ഒരേ കൂട്ടർ ഭരിക്കുമ്പോൾ മൂന്നുപ്രാവശ്യമായിട്ട് ഏഴ് ദിവസം ലജനാവ് പൂട്ടി. ഞാൻ ഈ ഗവൺമെന്റിന്റെ കാര്യമാണ് പറയുന്നത്, മൂന്നരക്കൊല്ലമായി ഇന്നേവരെ റിസർവ് ബാങ്ക് പേമെന്റ് സ്റ്റോപ്പ് ചെയ്യാൻ പറഞ്ഞിട്ട് ഇവിടെ ലജനാവ് പൂട്ടിയിട്ടില്ല. ഞാൻ തറപ്പിച്ചു പറയുന്നു, പൂട്ടാത്തതിന്റെ കുഴപ്പമാണ്. അതുകൊണ്ട് ഇതിനെക്കൊണ്ടുള്ള അപ്രഹെൻഷൻസ് എല്ലാവർക്കുമുണ്ട്. നിങ്ങൾ ബേജാറാകണ്ട. ഈ പ്രോജക്ട്സ്, റോഡ് സെക്ടർ-എല്ലാ പ്രോജക്ട്സും ഇവിടെയുണ്ട്. റോഡ് സെക്ടർ, 13 പ്രധാന റോഡുകളുണ്ട്. ഇൻലന്റ് നാവിഗേഷൻ, അതിൽ രണ്ടെണ്ണമുണ്ട്. പോർട്ടിലും മൂന്നെണ്ണമുണ്ട്. ഇറിഗേഷൻ സെക്ടർ ചമ്രവട്ടം, തൃത്താല, അട്ടപ്പാടി, വാമനപുരം അങ്ങനെയാണ്. വാട്ടർ സപ്ലൈ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, പവർ സെക്ടർ ഇതെല്ലാം ഡിഫറന്റ് പ്രോജക്ട്സ് തന്നെയാണ്. It is not in the air. അപ്പോൾ വളരെ കോൺക്രീറ്റായിട്ടുണ്ട്. അതുകൊണ്ട് വലിയ ഭീതിയൊന്നും വേണ്ട. നേരെചൊവ്വേ നമ്മുടെ സംസ്ഥാനത്തിന്റെ ഇൻവെസ്റ്റുമെന്റിനു വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് ഈ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാഘവൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : പ്രൊഫ. എ.വി. താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുന്നു.

(2) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ[†]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ്

[†] അനുബന്ധം-II (a, b).

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 222

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 222

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിൽ പണം മുടക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക:- സംസ്ഥാനത്ത് അടിസ്ഥാന സൗകര്യപദ്ധതിയിൽ പണം മുടക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ സംഗതികൾക്ക് വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ ഭരണഘടനയുടെ അമ്പതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും:- (1) ഈ ആക്ടിന് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് എന്ന് പേർ പറയാം.

2. ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

3. ഇത് 1999 നവംബർ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ :- ഈ ആക്ടിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) 'ബോർഡ്' എന്നാൽ 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) 'സാമ്പത്തിക സഹായം' എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ള തരം സഹായങ്ങൾ എന്നർത്ഥമാകുന്നു;

(സി) 'നിധി' എന്നാൽ 3-ാം വകുപ്പിനും പദ്ധതിക്കും കീഴിൽ രൂപീകരിക്കപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി എന്നർത്ഥമാകുന്നു;

(ഡി) 'ഫണ്ട് മാനേജർ' എന്നാൽ ബോർഡിന്റെ ഫണ്ട് മാനേജർ എന്നർത്ഥമാകുന്നു;

(ഇ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) 'അടിസ്ഥാന സൗകര്യ പദ്ധതികളിൽ' വൈദ്യുത ഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, ജലവിതരണം, ഉൾനാടൻ ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനം, മലിനജലനിർഗമനം എന്നീ മേഖലകളിലുള്ള പദ്ധതികളോ ഇത്തരം ഒന്നോ അതിലധികമോ മേഖലകളിലെ ഒരു വിവിധോദ്ദേശ പദ്ധതിയോ ഉൾപ്പെടുന്നതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) 'തദ്ദേശസ്വയംഭരണം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) പ്രകാരം രൂപീകരിച്ച ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്ത് എന്നോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു മുനിസിപ്പാലിറ്റി എന്നോ അർത്ഥമാകുന്നു.

(എച്ച്) 'മറ്റു സംരംഭങ്ങൾ' എന്നാൽ സർക്കാരിന്റെ മുതൽമുടക്ക് നാൽപ്പത് ശതമാനത്തിൽ കുറയാതെ ഉള്ളതും, 1956-ലെ കമ്പനി ആക്ടി(1956-ലെ 1-ാം കേന്ദ്ര ആക്ട്)ൻ കീഴിൽ സംയോജിത മേഖലയിൽ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള പൊതുമേഖലാ കമ്പനികളെന്നോ, 1955-ലെ തിരുവിതാകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ടി(1955-ലെ 11)ൻ കീഴിലോ, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടി(1860-ലെ 21-ാം കേന്ദ്ര ആക്ട്)ൻ കീഴിലോ സ്ഥാപിക്ക പ്പെട്ടിട്ടുള്ളതും, അതതു സംഗതിപോലെ, സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും പൊതുമേഖലാ സംരംഭത്തിനോ അതിന്റെ ആസ്തികളിലും ഉടമസ്ഥാവകാശത്തിനും ഭരണത്തിലും അമ്പത് ശതമാന ത്തിൽ കുറയാതെ പങ്കാളിത്തമുള്ള സൊസൈറ്റികളെന്നോ എന്നർത്ഥമാ കുന്നു.

(ഐ) 'പൊതുമേഖലാ സംരംഭങ്ങൾ' എന്നാൽ 1956-ലെ കമ്പനി ആക്ടി (1956-ലെ 1-ാം കേന്ദ്ര ആക്ട്)ൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെ ങ്കിലും സർക്കാർ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘ ങ്ങൾ ആക്ട് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്ത തായി കരുതപ്പെടുന്നതോ ആയതും സർക്കാരിന് അമ്പത് ശതമാനത്തിൽ കുറയാതെ ഓഹരി മൂലധനം ഉണ്ടായിരിക്കുകയും. അതിന്റെ കാര്യനിർവ്വഹ ണത്തിൽ ഗണ്യമായ നിയന്ത്രണം ഉണ്ടായിരിക്കുകയും ചെയ്യുന്നതുമായ ഒരു സഹകരണ സംഘവുമോ എന്നർത്ഥമാകുന്നതും അതിൽ ഒരു നിയമത്തിൻ കീഴിൽ സ്ഥാപിതമായ പൊതു സംരംഭങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

(ജെ) 'പട്ടിക' എന്നാൽ ഈ ആക്ടിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(കെ) 'പദ്ധതി' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാ കുന്നു;

(എം) 'സംരംഭങ്ങൾ' എന്നാൽ പൊതുമേഖലാ സംരംഭങ്ങളോ മറ്റ് സംരംഭങ്ങളോ എന്നർത്ഥമാകുന്നു;

(എൻ) 'വർഷം' എന്നാൽ സാമ്പത്തികവർഷം എന്ന് അർത്ഥമാകുന്നു.

3. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി:- (1) സർക്കാ രിന്, ഗസറ്റ് വിജ്ഞാപനംവഴി, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യപദ്ധതി കളിലെ നിക്ഷേപത്തിനായി ഈ ആക്ടിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്ന തിനുവേണ്ടി കേരള അടിസ്ഥാന സൗകര്യനിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി ഉണ്ടാക്കിയശേഷം ഉടൻതന്നെ ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃത മായി ഒരു നിധി രൂപീകരിക്കേണ്ടതുമാകുന്നു.

(2) നിധിയിലേക്ക്,-

(എ) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ധനസഹായവും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 8-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുകയും;

(സി) സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും;

(ഡി) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽകൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും;

(ഇ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വകകൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുകയും;

വരവു വയ്ക്കേണ്ടതാണ്.

(3) നിധി, 4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട് ബോർഡിൽ നിക്ഷിപിതമാകുന്നതും നിധിയുടെ ഭരണം ബോർഡ് നിർവ്വഹിക്കേണ്ടതുമാണ്.

(4) നിധി താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതുമാണ്, അതായത്:-

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികളിലെ മുതൽമുടക്കിനായി പണം നൽകുന്നതിന്;

(ബി) പൊതുമേഖലാ സംരംഭങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും, അടിസ്ഥാന സൗകര്യപദ്ധതികളിലെ അവരുടെ നിക്ഷേപത്തിനുവേണ്ടി സാമ്പത്തിക സഹായം നൽകുന്നതാണ്;

(സി) നിധിയിലേക്ക് ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിച്ച ബോണ്ടുകളും കടപത്രങ്ങളും വിടുതൽ ചെയ്യുന്നതിനും.

(ഡി) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും.

(5)(2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ 'സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.

(6) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(7) പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ, പദ്ധതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി, പദ്ധതിപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. ബോർഡിന്റെ രൂപീകരണം:- (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണത്തിനും, നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, നടത്തിക്കൊണ്ടുപോകുന്നതിനുമായി 'കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതുമുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(എ) കേരള സർക്കാരിന്റെ ചീഫ് സെക്രട്ടറി;

(ബി) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി;

(സി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി;

(ഡി) ജലസേചന വകുപ്പ് സെക്രട്ടറി;

(ഇ) ആസൂത്രണ വകുപ്പ് സെക്രട്ടറി;

(എഫ്) റവന്യൂവകുപ്പ് സെക്രട്ടറി;

(ജി) ധനകാര്യ (റിസോഴ്സ്സ്) വകുപ്പ് സെക്രട്ടറി;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവലപ്പുമെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നരായ രണ്ടു വ്യക്തികൾ.

(4) ചീഫ് സെക്രട്ടറി ബോർഡിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്.

(5) ധനകാര്യ (റിസോഴ്സ്സ്) സെക്രട്ടറി ബോർഡിന്റെ ഫണ്ട് മാനേജർ ആയിരിക്കുന്നതാണ്.

(6) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഫണ്ടിന്റെ കാര്യക്ഷമമായ ഭക്ഷണത്തിനായി ആവശ്യമെന്ന് അത് കരുതുന്ന ഈ ആക്റ്റിൻകീഴിലോ പദ്ധതിയിൻകീഴിലോ ഉള്ള അതിന്റെ അധികാരങ്ങളും ചുമതലകളും അത് നിശ്ചയിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ഫണ്ട് മാനേജർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

5. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.- : (1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട ഒരു അംഗം സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട ഏതൊരു അംഗത്തിനും, സർക്കാരിന്, രേഖാമൂലം നോട്ടീസ് നൽകികൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുന്നതുവരെ ഒദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

884/2010.

LIBRARY ARCHIVES Kerala Legislative Assembly

6. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും:- ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) നിധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ വിഭവ സമാഹരണം നടത്തുക;

(ബി) പദ്ധതിയനുസരിച്ച് സംരംഭങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക;

(സി) സഹായം നൽകപ്പെട്ട സംരംഭങ്ങളിൽനിന്നും ബോർഡിന് ലഭിക്കാനുള്ള തുകകൾ വസൂലാക്കൽ പട്ടിക അനുസരിച്ച് ഈടാക്കുക;

(ഡി) സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭങ്ങളിൽ നിന്നുള്ള ഈടാക്കലുകൾ യുക്തമെന്ന് കരുതുന്ന പ്രകാരം ഭേദഗതി ചെയ്യുകയോ, പുനർ നിർണ്ണയിക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുക;

(ഇ) ബോർഡിന്റെ താൽപ്പര്യാർത്ഥം, ആവശ്യവും യുക്തമെന്നു കരുതുന്നപക്ഷം, സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭകത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക;

(എഫ്) യാത്രയും, കടങ്ങളിൽമേലുള്ള പലിശയും, ഫീസുകളും തൊഴിൽപരമായ ചാർജ്ജുകളും, മറ്റ് ചെലവുകളും ഉൾപ്പെടെ നിധിയുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നൽകുക;

(ജി) കാലാകാലങ്ങളിൽ ഉണ്ടാകുന്ന ബോർഡിന്റെ മിച്ചം വരുന്ന തുകകൾ പദ്ധതിയിൽ വിനിർദ്ദേശിച്ച പ്രകാരം നിക്ഷേപിക്കുകയും അങ്ങനെയുള്ള നിക്ഷേപങ്ങൾ അനുഭവസിദ്ധമാക്കുകയും ചെയ്യുക;

(എച്ച്) നിധിയിൽനിന്നും ഏതെങ്കിലും സഹായമോ വായ്പയോ ലഭിക്കുന്ന ഏതെങ്കിലും സംരംഭത്തിന്റെ പ്രവർത്തനങ്ങളെ ക്ലിപ്തകാലാടിസ്ഥാനത്തിൽ പുനഃരവലോകനം ചെയ്യുക;

(ഐ) സർക്കാരിനുവേണ്ടി, ഈ ആക്റ്റിന്റെ പരിധിക്കുള്ളിൽ, ഏതെങ്കിലും സംരംഭവുമായി ധാരണാപത്രം ഉണ്ടാക്കുകയോ പ്രവർത്തന കരാറുകളിൽ ഏർപ്പെടുകയോ ചെയ്യുക;

(ജെ) ബോർഡിനുവേണ്ടി കരാറുകളിൽ ഏർപ്പെടുക;

(കെ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങളും, ചുമതലകളും വിനിയോഗിക്കുക;

(എൽ) ഈ ആക്റ്റിൽ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ അതിനെ ഏൽപ്പിക്കാവുന്നതോ ചുമതലപ്പെടുത്താവുന്നതോ ആയ മറ്റു അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(എം) അതിന് നൽകിയിട്ടുള്ളതോ ഏൽപ്പിച്ചു കൊടുത്തിട്ടുള്ളതോ ആയ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായതും ആനുഷംഗികവുമായ എല്ലാ പ്രവൃത്തികളും ചെയ്യുക.

7. നിധിയിലേക്കുള്ള ധനസഹായം:- സർക്കാരിന്, സംസ്ഥാന നിയമസഭയുടെ നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗംവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിൻമേലും വ്യവസ്ഥകളിന്മേലും, കാലാകാലങ്ങളിൽ, ഗ്രാന്റുകളും, മുൻകൂർ തുകകളും, വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. കടം വാങ്ങുന്നതിനും നൽകുന്നതിനും ബോർഡിനുള്ള അധികാരം.-

(1) ബോർഡിന്, കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും, ബോണ്ടുകളോ, കടപ്പത്രങ്ങളോ പുറപ്പെടുവിച്ചുകൊണ്ടോ മറ്റു വിധത്തിലോ അല്ലെങ്കിൽ ബാങ്കുകളോ ഇതിലേക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുമായോ ക്രമീകരണങ്ങൾ നടത്തിക്കൊണ്ടോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏതു തുകയും കടമായി വാങ്ങാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ബോർഡ് പുറപ്പെടുവിക്കുന്ന ബോണ്ടുകളും കടപ്പത്രങ്ങളും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ, കൈകാര്യം ചെയ്യുകയോ, വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കും പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റു നിബന്ധനകൾക്കും, പരിമിതികൾക്കും വിധേയമായി, ബോർഡിന് സംസ്ഥാനത്ത് നിലവിലുള്ള പൊതുമേഖലാ സംരംഭങ്ങൾക്കോ, മറ്റു സംരംഭങ്ങൾക്കോ അതിന്റെ ഫണ്ടിൽനിന്നും വായ്പകളോ, മുൻകൂർ തുകകളോ നൽകാവുന്നതാണ്.

9. വായ്പകൾക്ക് സർക്കാരിന്റെ ജാമ്യം.-(1) 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും വായ്പയുടെ മുതലും പലിശയും നൽകുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന വിധത്തിലുള്ള ജാമ്യം നൽകാവുന്നതാണ്:

എന്നാൽ, ഈ ആക്ട് പ്രകാരം സർക്കാർ പുറപ്പെടുവിച്ച മൊത്തം ജാമ്യത്തുക ആയിരം കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ജാമ്യം നിലവിലുള്ളിടത്തോളം, നടപ്പ് സാമ്പത്തികവർഷം ജാമ്യം ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച ഒരു പത്രികയും, അപ്രകാരമുള്ള ജാമ്യം ഹേതുവായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നൽകിയതോ അല്ലെങ്കിൽ നൽകിക്കഴിഞ്ഞ ഏതെങ്കിലും തുകകൾ തിരിയെ ലഭിച്ച വകയിൽ പ്രസ്തുത നിധിയിലേക്ക് നൽകിയതോ ആയ മൊത്തം തുകകളുടെ നാളിതുവരെയുള്ള കണക്കുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയും ഓരോ വർഷത്തെയും ബഡ്ജറ്റ് സമ്മേളനത്തിൽ, സർക്കാർ സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

10. ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമനം.-(1) ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി, സർക്കാരിന്, ആവശ്യമെന്ന് അത് കരുതുന്നത്ര ജീവനക്കാരെ നിയമിക്കാവുന്നതാണ്.

(2)(1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ നിയമന രീതിയും, ശമ്പളവും, ബത്തകളും, അച്ചടക്കവും, മറ്റ് സേവന വ്യവസ്ഥകളും പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

11. ബോർഡിന് ലഭിക്കാനുള്ള പണം വസൂലാക്കേണ്ട രീതി.- ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ, അതിൻകീഴിലോ, ഏതെങ്കിലും വ്യക്തി ബോർഡിന് നൽകേണ്ടതും അല്ലെങ്കിൽ ബോർഡ് വസൂലാക്കേണ്ടതുമായ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ തുകകളും അതുമായി ബന്ധപ്പെട്ട എല്ലാ ചാർജ്ജുകളും അല്ലെങ്കിൽ നേരിട്ട ചെലവുകളും, മറ്റ് ഏതു രീതിയിലുള്ള വസൂലാക്കലിനും ഭംഗംവരാതെ, തൽസമയം പ്രാബല്യത്തിലുള്ള ഭൂനികുതി വസൂലാക്കാൻ ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് ഭൂമിയിൻമേലുള്ള പൊതു കര കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാണ്.

12. ബോർഡിന്റെ അംഗങ്ങളും മറ്റും പബ്ലിക് സർവെന്റ്സ് ആണെന്ന്.-(1) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ഓരോ അംഗവും, ഫണ്ട് മാനേജരും, ബോർഡിന്റെ മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർദ്ധപരിധിക്കുള്ളിൽ വരുന്ന പബ്ലിക്ക് സർവ്വന്റ്സ് ആയി കരുതപ്പെടുന്നതാണ്.

13. ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.-ഈ ആക്ട് പ്രകാരമോ അഥവാ പദ്ധതി പ്രകാരമോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും അംഗത്തിനോ അഥവാ മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിലക്കുന്നതല്ല.

14. നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിനുള്ള അധികാരം.-(1) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന നയവും ദേശീയ നയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, ബോർഡിന്, സർക്കാർ നിർദ്ദേശങ്ങൾ നൽകുന്നത് നിയമാനുസൃതമായിരിക്കുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് ബാധകമായിരിക്കുന്നതുമാണ്.

(2) സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ടതായ പൊതുനിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(3) ബോർഡ്, ഈ ആക്ടിൻ കീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ, (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശത്തിൽനിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

15. കണക്കുകളും ആഡിറ്റും.-(1) ബോർഡ്, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള രീതിയിലും കണക്കു ബുക്കുകളും, അതിന്റെ കണക്കുകളുമായി ബന്ധപ്പെട്ട മറ്റ് ബുക്കുകളും, സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ബാലൻസ്ഷീറ്റും തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ കണക്കുകൾ, സർക്കാർ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ആഡിറ്റർ അപ്രകാരമുള്ള രീതിയിലും സമയത്തും ആഡിറ്റ് ചെയ്യേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന ആഡിറ്റർക്ക്, അപ്രകാരമുള്ള കാര്യങ്ങളെ സംബന്ധിച്ച്, രേഖകൾ ഹാജരാക്കുവാനും വിവരങ്ങൾ നൽകുവാനും ആവശ്യപ്പെടാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(3) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ബോർഡിന്റെ കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് അയച്ചുകൊടുക്കേണ്ടതും, സർക്കാർ, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് നൽകേണ്ടതും, ബോർഡ് അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

16. വാർഷിക റിപ്പോർട്ടും ആഡിറ്റുചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റും.-(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് അതിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും, ബോർഡ് അംഗീകരിച്ചശേഷം, റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഓരോ വർഷവും ജൂലായ് അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) സർക്കാർ, വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ അത്, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റ് സഹിതം, നിയമസഭയുടെ മേശപ്പുറത്ത് വയ്പിക്കേണ്ടതാണ്.

17. അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.-(1) സർക്കാരിന്, എത് സമയത്തും ഏതൊരാളേയും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് ശരിയായ രീതിയിൽ അന്വേഷണം നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് നൽകേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ പക്കലുള്ള രേഖകളും, കണക്കുകളും, വിവരങ്ങളും അദ്ദേഹത്തിന് നൽകേണ്ടതുമാണ്.

18. ബോർഡ് പിരിച്ചുവിടൽ.-(1) സർക്കാരിന് ഏതെങ്കിലും കാരണത്താൽ ബോർഡ് തുടരേണ്ട ആവശ്യമില്ലെന്ന് അഭിപ്രായമുള്ളപക്ഷം, ഗസറ്റ് വിജ്ഞാപനംമൂലം, അതിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ ബോർഡ് പിരിച്ചുവിടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ബോർഡിനെ പിരിച്ചുവിട്ടുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനെ തുടർന്ന്.

(എ) ബോർഡിന്റെ ചെയർമാനും മറ്റെല്ലാ അംഗങ്ങളും പിരിച്ചുവിട്ട തീയതി മുതൽ അവരവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ബി) ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, അതിൻകീഴിലോ, ബോർഡോ ചെയർമാനോ അല്ലെങ്കിൽ ബോർഡിനു വേണ്ടിയോ, ചെയർമാനു വേണ്ടിയോ വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യാവുന്ന എല്ലാ അധികാരങ്ങളും ചുമതലകളും പിരിച്ചുവിട്ട തീയതിമുതൽ സർക്കാരോ അല്ലെങ്കിൽ ഈ ആവശ്യത്തിനുവേണ്ടി അത് നിയമിച്ചേക്കാവുന്ന അധികാരിയോ, വ്യക്തിയോ വിനിയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആണ്;

(സി) ബോർഡിൽ നിക്ഷിപ്തമായിരുന്ന എല്ലാ നിധികളും മറ്റു വസ്തുവകകളും സർക്കാരിൽ നിക്ഷിപ്തമാകുന്നതും;

(ഡി) നിയമപരമായി നിലനിൽക്കുന്നതും ബോർഡിനെതിരെ നടപ്പിലാക്കാവുന്നതുമായ എല്ലാ ബാദ്ധ്യതകളും സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളിടത്തോളം നിധികളിലും വസ്തുവകകളിലും നിന്ന് സർക്കാരിനെതിരായി ഈടാക്കാവുന്നതാണ്.

(3) ഈ വകുപ്പിലെ യാതൊന്നുംതന്നെ സർക്കാർ ഈടു നൽകിയിട്ടുള്ള ബോണ്ടുകളേയും കടപ്പത്രങ്ങളേയും സംബന്ധിച്ചുള്ള അതിന്റെ ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് നിരോധനം.- ഈ ആക്ടോ പദ്ധതിയോ പ്രകാരമോ അവയിൻകീഴിലോ സർക്കാരോ ബോർഡോ അഥവാ സർക്കാരോ ബോർഡോ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഒത്തുതീർപ്പാക്കുകയോ, തീരുമാനിക്കുകയോ, കൈകാര്യം ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

കയോ ചെയ്യേണ്ടതായ ഏതെങ്കിലും പ്രശ്നമോ നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ ഒത്തുതീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ അഥവാ നിർണ്ണയിക്കുവാനോ, യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

20 വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.-(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്നപക്ഷം, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് സാഹചര്യം അനുസരിച്ച് ആവശ്യമായതും, ഓർഡിൻസിനോ അതിൻ കീഴിലുണ്ടാക്കിയ പദ്ധതിയ്ക്കോ വിരുദ്ധമല്ലാത്തതുമായ എന്തും സർക്കാരിന്, ഉത്തരവുമൂലം, ചെയ്യാവുന്നതാണ്.

(2) 1-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

21. പദ്ധതി രൂപഭേദപ്പെടുത്തൽ.-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ പദ്ധതിയിൽ കൂട്ടിചേർക്കുകയോ, ഭേദഗതി വരുത്തുകയോ വ്യതിയാനം വരുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഉണ്ടാക്കിയ ഏതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നതും വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ-അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം-ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ വിജ്ഞാപനത്തിന്, അതിനുശേഷം അതതു സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത പ്രകാരത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും.-(1) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ഓർഡിനൻസ് (1999-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിൻസിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ടിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

3 (6) വകുപ്പു കാണുക

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന സംഗതികൾ

1. സംരംഭങ്ങൾക്ക് സഹായത്തിനുള്ള അർഹത
2. സഹായം ഏത് ആവശ്യങ്ങൾക്കൊക്കെ നൽകാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

3. സഹായങ്ങൽ എന്തെല്ലാം തരം നൽകണമെന്ന്

4. പലിശയും പിഴ തുകകളും

5. സഹായത്തിനുള്ള ഈട്

6. മൂല്യ നിർണ്ണയവും അനുമതി നൽകുന്നതിനുള്ള നടപടി ക്രമവും

7. വിതരണത്തിനുള്ള നടപടി ക്രമം

8. ധാരണാ പത്രത്തിനെയോ നിർവഹണ കരാറിനെയോ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

9. തിരിച്ചു പിടിക്കുന്നതിനുള്ള നടപടി ക്രമം

10. മോണിറ്ററിംഗ് സംവിധാനം

11. അധിക നിധികളുടെ നിക്ഷേപം

12. ബോർഡിന്റെ യോഗങ്ങളും കോറവും ബോർഡിലെ അംഗങ്ങൾക്കുള്ള ഫീസുകളും ബത്തകളും

13. കണക്കുകൾ സൂക്ഷിക്കേണ്ട രീതിയും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകളുടെ ആഡിറ്റും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും

14. നിധിയുടെ ഭരണ നിർവഹണത്തിൽ ഉണ്ടാകുന്ന ചെലവുകൾ നിർവഹിക്കുന്നതിനുള്ള നടപടിക്രമം

15. ബോർഡിന്റെ ജീവനക്കാരുടെ നിയമന രീതിയും ശമ്പളവും ബത്തകളും അച്ചടക്കവും സേവന വ്യവസ്ഥകളും

16. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ആവശ്യമായേക്കാവുന്നതോ യുക്തമായതോ ആയ മറ്റേതെങ്കിലും സംഗതി.

ഉദ്ദേശകാരണങ്ങളുടെ വിതരണം

അടിസ്ഥാന സൗകര്യ വികസനം സാമ്പത്തിക പുരോഗതിക്ക് ആവശ്യ ഘടകമാണ്. അടിസ്ഥാന സൗകര്യ പദ്ധതിക്ക് ബൃഹത്തായ മൂലധനച്ചെലവ് ആവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ ഇതു മുഴുവൻ പരിഹരിച്ചിരുന്നത് ബഡ്ജറ്റിൽ ഉൾപ്പെട്ട മാർഗ്ഗങ്ങളിൽ കൂടിയായിരുന്നു. എങ്ങനെയായിരുന്നാലും ഒരു സംസ്ഥാനത്തിന് ഇപ്പോൾ ആവശ്യമുള്ള അടിസ്ഥാന സൗകര്യ പദ്ധതികളുടെ പരിധിയും അതിനാവശ്യമായ നിക്ഷേപത്തിന്റെ ആനുപാതിക തോതും ഒരു സംസ്ഥാനത്തിന്റെ ബഡ്ജറ്റിൽ വകകൊള്ളിച്ച് നേരിടാൻ സാധിക്കുന്നതല്ല. മിക്ക സംസ്ഥാനങ്ങളും അടിസ്ഥാന സൗകര്യ പദ്ധതികളുടെ ധനാഗമ കാര്യങ്ങൾക്കായി ബഡ്ജറ്റേതര മാർഗ്ഗങ്ങൽ അവലംബിക്കുന്നുണ്ട്.

2. വൈദ്യുതി, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, ജലവിതരണം, ഉൾനാടൻ ജലഗതാഗതം, നാഗരിക അടിസ്ഥാന സൗകര്യം എന്നിവ പോലുള്ള പ്രധാന അടിസ്ഥാന സൗകര്യമേഖലകളിൽ കേരള സംസ്ഥാനത്തിന് വളരെയധികം ആവശ്യങ്ങൾ ഉണ്ട്. പ്രമുഖ അടിസ്ഥാന സൗകര്യ പദ്ധതികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ ഫണ്ടു സമാഹരണം കുറച്ചു കാലമായി സർക്കാരിന്റെ പരിഗണനയിലുള്ള ഒരു വിഷയമായിരുന്നു.

3. ഒമ്പതാം പഞ്ചവൽസര പദ്ധതി അതിന്റെ മൂന്നാം വർഷത്തിലാണിപ്പോൾ നടപ്പിലായിക്കൊണ്ടിരിക്കുന്നത്. ശേഷിച്ച രണ്ട് വർഷങ്ങളിൽ അവ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിനായി വ്യക്തമായ വികസന ലക്ഷ്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങളും സംസ്ഥാനം സ്വന്തമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി ഒരു ഫണ്ട് രൂപീകരിക്കേണ്ടതും, താമസിയാതെ തന്നെ ധന സമാഹരണം നടത്തേണ്ടതുമാണ്. അതുകൊണ്ടു തീരുമാനം ഉടനടി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ഓർഡിനൻസ്, 1999 നവംബർ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 1999-ലെ 5-ാം നമ്പർ ഓർഡിൻസായി 1999 നവംബർ 11-ാം തീയതിയിലെ 2072-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 1999-ലെ 5-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ മൂന്നാം ഖണ്ഡം, ഒരു ഫണ്ട് രൂപീകരിക്കുന്നതിനായി, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ ഫണ്ട് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. സർക്കാർ നിശ്ചയിക്കാവുന്ന നിബന്ധനകളിന്മേലും വ്യവസ്ഥകളിൻമേലും ഗ്രാന്റുകൾ, മുൻകൂറുകൾ, വായ്പകൾ എന്നിവ മുഖേന കാലാകാലങ്ങളിൽ യഥാവിധിയുള്ള ധനവിനിയോഗത്തിനുശേഷം സർക്കാർ ഫണ്ടിലേക്ക് സംഭാവന നൽകുവാൻ ബില്ലിലെ 7-ാം ഖണ്ഡം വിഭാവന ചെയ്യുന്നു. ഗ്രാന്റിനത്തിലുള്ള സാമ്പത്തിക ബാധ്യത 500 കോടി രൂപയായി കണക്കാക്കപ്പെടുന്നു. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം ബോർഡ് സമാഹരിക്കാനുദ്ദേശിക്കുന്ന ഏതൊരു വായ്പയുടെയും മുതലും പലിശയും നൽകുന്നതിനുവേണ്ടി ജാമ്യം നിൽക്കാൻ സർക്കാരിനെ സഹായകമാക്കുന്നതാണ് ബില്ലിലെ 9-ാം ഖണ്ഡം. സർക്കാർ നൽകുന്ന മൊത്തം ജാമ്യം 1000 കോടി രൂപയിൽ കവിയാൻ പാടില്ല. ബോർഡിന്റെ ആവർത്തകവും അനാവർത്തകവുമായ ചിലവുകൾ ഫണ്ടിൽ നിന്നും നേരിടുന്നതും അത് സംസ്ഥാന സഞ്ചിത നിധിയിൽ ഒരു ബാദ്ധ്യതയായിരിക്കുന്നതുമല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. ഈ ആക്ടിന്റെ ഉദ്ദേശങ്ങൾക്കായി ആവശ്യമുള്ള ഏതു തുകയും ബോർഡ് വായ്പയായി വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. ബോർഡ് പുറപ്പെടുവിച്ച ബോണ്ടുകളോ, കടപത്രങ്ങളോ പുറപ്പെടുവിക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ബാദ്ധ്യതാ വിമുക്തമാക്കുന്നതിനും ഉള്ള രീതി, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവരുമൂലം, നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ (8)-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. (1)-ാം ഉപഖണ്ഡത്തിൽ കീഴിൽ നിയമിച്ച ജീവനക്കാരുടെ നിയമന രീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും സേവന വ്യവസ്ഥകളും പദ്ധതിയിൽ വിനിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. കണക്കുകളും ബാലൻസ്ഷീറ്റും സംബന്ധിച്ച വാർഷിക സ്റ്റേറ്റുമെന്റ് തയ്യാറാക്കാനുള്ള ഫാറവും രീതിയും പദ്ധതിയിൽ വിനിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. 4-ാം ഖണ്ഡത്തിൻ കീഴിൽ രൂപീകരിച്ച കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ഗസറ്റ് വിജ്ഞാപനംമൂലം പിരിച്ചുവിടാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 18-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോഴുണ്ടാകുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഉത്തരവുകൾ പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 20-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ഗസറ്റ് വിജ്ഞാപനം വഴി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ, പദ്ധതിയിൽ കൂട്ടിച്ചേർക്കലോ ഭേദഗതിയോ മാറ്റമോ വരുത്താൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. പുറപ്പെടുവിക്കേണ്ട പദ്ധതികളും ഉത്തരവുകളും നടപടിക്രമവും വിശദാംശങ്ങളും സംബന്ധിച്ചവയും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയവയുമാണ്. കൂടാതെ, പദ്ധതികൾ, അവ ഉണ്ടാക്കിയ ശേഷം നിയമസഭയുടെ പരിശോധനയ്ക്ക് വിധേയമായിരിക്കും. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ടി. ശിവദാസമേനോൻ.

LIBRARY ARCHIVES Kerala Legislative Assembly

884/2010.

Tenth Kerala Legislative Assembly

Bill No. 222

LIBRARY ARCHIVES Kerala Legislative Assembly

THE KERALA INFRASTRUCTURE INVESTMENT FUND BILL, 1999

Tenth Kerala Legislative Assembly

Bill No. 222

THE KERALA INFRASTRUCTURE INVESTMENT FUND BILL, 1999

A

BILL

to provide for the constitution of a fund for investments in the infrastructure projects in the State and for matters connected therewith or incidental thereto.

Preamble - WHEREAS it is expedient to constitute a fund for investments in the infrastructure projects in the State and for matters connected therewith or incidental thereto;

BE it enacted in the Fiftieth Year of the Republic of India as follows :-

1. *Short title, extent and commencement.*-(1) This Act may be called the Kerala Infrastrcture Investment Fund Act, 1999.

(2) It extends to the whole of the State of Kerala.

(3) It shall be deemed to have come into force on the 11th day of November 1999.

2. *Definitions*.-In this Act, unless the context othewise requires.-

(a) 'Board' means the Kerala Infrastructure Investment Fund Board constituted under Section 4;

(b) 'Financial assistance' means the types of assistance specified in the Scheme;

(c) 'Fund' means the Kerala Infrastructure Investment Fund established under section 3 and the scheme;

(d) 'Fund Manager' means the Fund Manager of the Board;

(e) 'Government' means the Government of Kerala;

(f) 'Infrastructure projects' include projects in the sectors of power, roads, irrigation, ports, water supply, inland navigation, solid waste management and drainage or a multipurpose project in any one or more of these areas;

(g) 'Local Self Government' means a Panchayat at any level constituted under the Kerala Panchayat Raj Act, 1994 (13 of 1994), or a Municipality constituted under the Kerala Municipality Act, 1994 (20 of 1994).

(h) 'Other Undertakings' means Public Companies established in the State under the Companies Act, 1956 (Centtral Act 1 of 1956) in joint sector, where the investment of the Government is not less than forty percent of the total paid up share capital, or societies established under Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955,

LIBRARY ARCHIVES Kerala Legislative Assembly

(XII of 1955) or the Societies Registration Act, 1860 (Central Act 21 of 1860) and where Government, Local Self Governments or any Public Sector Undertaking, as the case may be, have not less than fifty per cent of interest in its assets, ownership and managment.

(i) 'Public Sector undertakings' means any Government Company established in the State Under the Companies Act, 1956 (Central Act 1 of 1956) or a Co-operative Soceity registered or deemed to have been registered under the Kerala Co-operative Societies Act, 1969 (21 of 1969) where the Government holds not less than fifty per cent of the share capital, and substantial control over its managment and includes public undertakings established under statute;

(j) 'Schedule' means the Schedule to this Act;

(k) 'Scheme' means the scheme framed under this Act;

(l) 'State' means the State of Kerala;

(m) 'Undertakings' means public sector undertakings or other undertakings;

(n) 'Year' means the financial year.

3. *Kerala Intrastructure investment Fund Scheme*.-(1) The Government may, by notification in the Gazette, frame a scheme to be called the 'Kerala Infrastructure Investment Fund Scheme' for the establishment of a fund under this Act for Investments in the infrastructure projects of the State and there shall be established, as soon as may be after the fraing of the scheme, a fund in accordance with the provisions of this Act and the scheme.

(2) There shall be credited to the fund,-

(a) the contribution specified in section 7;

(b) the amount borrowed by the Board under section 8;

(c) grants or loans or advances made by the Govenment or any institution;

(d) any amount raised by the Board from other source to augment the resources of the Board;

(e) any other amount which, under the provisions of the scheme, shall be credited to the fund;

(3) The fund shall vest in, and be administered by, the Board constituted under section 4. .

(4) The fund may be utilised for all or any of the following purpose, namely:-

(a) to finance investments in infrastructure projects in the State;

LIBRARY ARCHIVES Kerala Legislative Assembly

(b) to provide financial assistance to public sector undertakings and other undertakings for their investments in infrastructure projects;

(c) to redeem the bonds and debentures used to raise resources for the fund; and

(d) for implementation of any other purpose specified in the scheme.

(5) All moneys specified in sub-section (2) shall be deposited into the public account of the Government or with the approval of the Government with any Sheduled Bank and the said account shall be operated by the Fund Manager.

(6) Subject to the provisions of this Act, the Scheme framed under sub-section (1) may provide for alll or any of the matters specified in sub-section (4) and in the Schedule.

(7) The scheme shall be laid, as soon as may be, after it is framed, before the Legislative Assembly while it is in session for a total period of fourteen days which may be in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the scheme, the scheme shall thereafter have effect only in such, modified form; so however that, any such modification shall be without prejudice to the validity of anything previously done under the scheme.

4. *Constitution of Board*.- (1) The Government may, by notification in the Gazette, constitute with effect from such date as may be specified therin, a Board to be called " the Kerala infrastructure investment Fund Board" for the administration of the fund and to supervise or carry out the activities financed from the fund.

(2) The Board shall be a body corporate by the name aforesaid, having perpetual succession and a common seal and shall by the said name sue or be sued.

(3) The Board shall consist of the following members, namely:-

(a) the Cheif Secretary to Government of Kerala;

(b) the Principal Secretary (Finance);

(c) the Secretary (Public Works);

(d) the Secretary (Irrigation);

(e) the Secretary (Planning);

(f) the Secretary (Revenue);

(g) the Secretary (Finance Resources);

(h) Two persons who have proven experience in development banking nominated by the Government.

(4) The Cheif Secretary shall be the Chairman of the Board.

LIBRARY ARCHIVES Kerala Legislative Assembly

(5) The Secretary (Finance Resources) shall be the Fund Manager of the Board

(6) The Board shall administer the fund vested in it in such manner as may be specified in the scheme.

(7) The Board may, with the previous approval of the Government, delegate to the Fund Manager such of its powers and functions under this Act or the scheme, as it may consider necessary for the efficient administration of the fund, subject to such restrictions and conditions, if any, as it may specify.

5. *Term of office of members.*- (1) A member appointed under caluse (h) of sub-section(3) of section 4 shall hold office during the pleasure of the Government.

(2) Any member appointed under clause (h) if sub-section (3) of section 4 may resign his membership by giving notice in writing to the Government but shall continue in office until his resignation is accepted by the Government.

(6) *Powers and functions of the Borad.*- Subject to the provisions of this Act, the Board shall have the following powers and functions, namely:-

(a) to mobilise resources for the utilisation of the fund;

(b) to sanction financial assistance to the undertakings as per the scheme;

(c) to recover the amounts due to the Board from the assisted undertakings as per the recovery shedule;

(d) to modify, revise or reschedule the recoveries from any of the assisted undertakings as may be.

(e) Procedures, if found necessary and appropriate, against any of the assisted undertakings in the interest of the Board;

(f) to disburse all expenses relating to he administration of that fund including travel, interest on borrowings, fees, professional charges and other expenses;

(g) to invest any surplus fund of the Board, as may be available from time to time, in such manner as may be specified in the scheme and also to realise such investments;

(h) to reveiw the performance of any undertaking receiving any assisantce or loan from the fund on a periodic basis;

(i) to enter into memorandum of undertakings or performance contract with any undertaking under the purview of this Act, on behalf of the Government.

(j) to enter into contracts on behalf of the Board;

(k) to exercise such of the powers and functions, as may be specified in the scheme;

(l) to exercise such other powers and perform such other functions as may be conferred on or entrusted to it by the Government for carrying out the purposes of this Act.

LIBRARY ARCHIVES Kerala Legislative Assembly

(m) to do all acts necessary for, and incidental to, the carrying out of the functions entrusted or delegated to it.

(7) *Contribution to the fund*.- The Government may, after due appropriation by law of the State Legislature, from time to time make such grants, advances and loans to the fund for the purposes of this Act on such terms and conditions as the Government may determine.

(8) *Power of the Board to borrow and lend*.-(1) The Board may, from time to time, with the previous sanction of the Government and subject to such conditions as the Government may, by general or special order determine, borrow any sum required for the purpose of this Act whether, by the issue bonds or debentures or otherwise or by making arrangements with Banks or Institutions approved by the Government in that behalf.

(2) Bonds or debentures issued by the Board under this section shall be issued, transferred, dealt with or redeemed in such manner as the Government, may, by general or special order, direct.

(3) Subject to the provisions of this Act and such conditions and limitations as may be specified in the scheme, the Board may, out of its funds, grant loans and advances to any public sector undertakings or other undertakings for the time being in force in the State.

(9) *Guarantee by Government of loans*.- (1) The Government may guarantee, in such manner as they think fit, the payment of the principal and interest of any loan proposed to be raised by the Board under section 8:

Provided that the total guarantee issued by the Government under this Act shall not exceed a sum of rupees one thousand crores.

(2) The Govemment shall, so long as any such guarantee is in force lay before the State Legislature in every year during the budget session, a statement of the guarantee, if any given during the current financial year and upto date accounts of the total sums, if any, which have been paid out of the Consolidated Fund of the State by reason of any such guarantee or paid into the said fund towards repayment of any moneys so paid out.

(10) *Appointment of officers and staff*.-(1) The Government may appoint such number of staff as they consider necessary to assist the Board in the discharge of its functions and duties under this Act.

(2) The method of appointment, salary and allowances, discipline and other conditions of service of the staff appointed under sub-section (1) shall be such as may be specified in the scheme.

(11) *Mode of recovery of money due to Board*.- All sums payable by any person to the Board or recoverable by it under this Act or the Scheme and all charges or expenses incurred in connection therewith shall, wihtout prejudice to any other mode of recovery, be recoverable as arrears of public revenue due on land under the provisions of the Revenue Recovery Act for the time being in force.

LIBRARY ARCHIVES Kerala Legislative Assembly

(12) *Members of Board etc. to be public servants*.- Every member of the Board, the Fund Manager and staff of the Board appointed under sub section (1) of section 10 shall be deemed to be public servants within the meaning of section 21 of the Indian Penal Code (Central Act 45 of 1860).

(13) *Protection for acts done in good faith*.- No suit or other legal proceeding shall lie against any member of the Board or any other person in respect of any thing which is done in good faith or intended to be done in good faith under this Act or under the scheme.

(14) *Power of Government to issue directions*.-(1) Notwithstanding anything contained in this Act it shall be lawful for the Government to issue directions to the Board in matters relating to State and National Policies and such directions shall be binding on the Board.

(2) The Government may, after consultation with the Board, give to the Board general directions to be followed by the Board.

(3) In the exercise of the powers and performance of its duties under this Act, the Board shall not depart from any general direction issued under sub-section (2) except with the previous permission of Government.

(15) Accounts and Audit.- (1) The Board shall cause to be maintained such books of accounts and other books in relation to its accounts and prepare an annual statement of accounts and balance sheet in such form and in such manner as may be specified in the scheme.

(2) The accounts of the Board shall be audited by such auditor, in such manner and at such time as the Government may, by general or special order, direct and the auditor so appointed shall have such powers of requiring the production of documents and the furnishing of information in respect of such matters.

(3) The accounts of the Board as certified by the auditor together with the audit report there on shall be forwarded annually to the Government who may issue such directions to the Board as they may deem fit and the Board shall comply with such directions.

(16) *Annual report and audited statement of accounts*.- (1) The annual report of the Board shall be prepared under the direction of the Board and after approval by the Board, a copy of the report shall be submitted to Government before the end of july every year.

(2) The Government shall, as soon as the annual report is received, cause the smae together with the audited statement of accounts to be laid on the table of the Legislative Assembly.

(17) *Power to order inquiry*.- (1) The Government may at any time appoint any person to inquire into the working of the Board and to submit a report to the Government.

LIBRARY ARCHIVES Kerala Legislative Assembly

(2) The Board shall give the person so appointed all facilities for the proper conduct of the inquiry and furnish to him such documents, accounts and information in the possession of the Board as he may require.

(18) *Dissolution of theBoard*.-(1) If the Government for any reason are of opinion that it is not necessary to continue the Board they may, by notification in the Gazette, dissolve the Board from such date as may be specified therein.

(19) Upon the publication of a notification under sub section (1) dissolving the Board.

(a) the Chairman and all the other Members of the Board shall, as from the date of discussion, vacate their offices as such;

(b) all the powers and functions which may, by or under the provisions of this Act be exercised and performed by or on behalf of the Board and the Chairman shall, as from the date of dissolution, be exercised and performed by the Govenment or such authority or person as they may appoint in this behalf;

(c) all funds and other properly vested in the Board shall vest in the Government and

(d) all liabilities legally subsisting and enforceable against the Board shall be enforceable against the Government to the extent of the funds and properties vested in them.

(3) Nothing in this section shall affect the liability of the Government is respect of bonds or debentures guaranteed by the Government.

19. *Bar of jurisdiction of Civil Courts*.- No Civil Court shall have jurisdition to settle, decide or deal with any question or to determine any matter which is by or under this Act or scheme required to be settled, decided or dealt with or to be determined by the Government or the Board or any officer authorised by the Government or the Board.

20. *Removal of difficulties*.-(1) If any difficulty arises in giving effect to the provisions of this the Act, the Government may, as occasion may require, by order, do anything not inconsistent with this Act or the scheme made thereunder, which appears to them necessary for the purpose of removing the difficulty.

(2) Every order made under sub-section (1) shall be laid before the State Legislature.

21. *Modification of the Scheme*.- (1) The Government may, by notification in the Gazette, add to, amend or vary the scheme either prospectively or retrospectively.

(2) Every notification under sub-section (1) shall be laid, as soon as may be after it is issued, before the Legislative Assembly while it is in session for a total period of fourteen days which may be in one session or in two successive sessions, and if, before the expiry of the session in which it is so laid or the sessions, immediately following, the Legislative Assembly agrees in making any modification in the notification or decides that the notification should not be

LIBRARY ARCHIVES Kerala Legislative Assembly

issued, the notification shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that notification.

22. *Repeal and saving*.- (1) The Kerala infrastructure Investment Fund Ordinance, 1999 (5 of 1999), is hereby repealed.

(2) Not withstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.

SCHEDULE

[See Section 3 (6)]

MATTER FOR WHICH PROVISIONS MAY BE MADE IN THE SCHEME

1. Eligibility of undertakings for assistance
2. The purposes for which the assistance may be given
3. Modes of assistance
4. Interest and penal charges
5. Security for the assistance
6. Appraisal and sanction procedure
7. Disbursement procedure
8. Guidelines for memorandum of understanding/performance contract
9. Recovery procedure
10. Monitoring system
11. Investment of surplus funds
12. Board meetings, quorum, fees and allowances to members of the Board
13. The manner in which accounts shall be kept, the preparation of the budget, the audit of accounts and the submission of reports to the Government.
14. The procedure for defraying the expenditure incurred in the administration of the fund.
15. The method of appointment, salary and allowances, discipline and conditions of service of the staff of the Board.
16. Any other matter which is to be provided for in the Scheme or which may be necessary or proper for the purpose of implementing the scheme.

STATEMENT OF OBJECTS AND REASONS

Infrastructure development is a sine qua non for economic progress. infrastructure projects, require massive capital expenditure. In the past, these were met almost wholly from budgetary sources. However, the range of infrastructure projects

LIBRARY ARCHIVES Kerala Legislative Assembly

now demanded in a State and the scale of investment that this calls for the budget of the State can no longer accommodate the requirements. Most States have resorted to extra-budgetary sources for financing infrastructure projects.

2. The State of Kerala has very large requirements in the major infrastrcture sectors like Power, Roads, Irrigation, Ports, Water Supply, Inland Navigation and Urban Infrastructure. Mobilisation of adequate funds to invest in vital infrastructure projects has been a subject for consideration of the Government for some time.

3. The Ninth Five Year Plan is in its third year of implementation. The State has set itself definite development targets and needs to achieve them in the remaining two years. Hence a fund has to be set up urgently and mobilisation of resources undertaken without any delay. Therefore Govenment proposed to implement the decision immediately.

4. As the Legislative Assembly was not in session and as the above proposal had to be brought into force immediately the Kerala Infrastructure Investment Fund Ordinance, 1999 was promulgated by the Governor on the 11th day of November, 1999 and was published as Ordinance No.5 of 1999 in the Kerala Gazette Extraordinary No.2072 dated the 11th November, 1999.

5. This Bill seeks to replace the Ordinance No.5 of 1999 by an Act of the State Legislature.

FINANCIAL MEMORANDUM

Clause 3 of the Bill empowers the Government to frame a scheme to be called the Kerala Infrastructure Investment Fund Scheme for the Establishment of a Fund. Clause 7 of the Bill envisages contribution to the Fund by the Government after the appropriation from time to time by way of grants, advances and loans on such terms and conditions as the Government may determine. The financial commitment on account of grant is estimated as Rs.500 Crores. Clause 9 of the Bill enables the Government to stand guarantee for the payment of the principal and interest of any loan proposed to be raised by the Board under clause 8 of the Bill. The total guarantee issued by Government shall not exceed Rs.1000 Crores. The recurring and non recurring expenditure of the Board will be met from the Fund, and will not be a charge on the Consolidated Fund of the State.

MEMORANDUM REGARDING DELEGATED LEGISLATION

1. Sub cluase (1) of clause 3 of the Bill seeks to empower the Government to frame a scheme to be called the Kerala Infrastructure Investment Fund Scheme.

2. Sub cluase (1) of clause 8 of the Bill seeks to empower the Government to determine, by general or special order, conditions subject to which the Board may borrow any sum required for the purposes of the Act.

3. Sub clause (2) of clause 8 of the Bill seeks to empower the Government to direct, by general or special order the manner in which the Board shall issue, trnasfer, deal with or redeem the bonds or debentures issued by it.

LIBRARY ARCHIVES Kerala Legislative Assembly

4. Sub clause (2) of clause 10 of the Bill seeks to empower the Government to specify in the Scheme the method of appointment, salary and allowances, discipline and other conditions of service of the staff appointed under sub-clause (1).

5. Sub clause (1) of clause 15 of the Bill seeks to empower the Government to specify in the Scheme the form and manner in which the annual statement of accounts and balance sheet shall be prepared.

6. Sub-Clause (1) of clasue 18 of the Bill seeks to empower the Government to dissolve the Kerala Infrastructure Investment Fund Board constituted under clause 4, by Notification in the Gazette.

7. Sub clause 20 of clause 10 of the Bill seeks to empower the Government to issue orders to remove difficulties in giving effect to the provisions of the Act.

8. Sub clause (1) of clause 21 of the Bill seeks to empower the Government to add to, amend or vary the scheme either prospectively or retrospectively, by Notification in the Gazette.

9. The Schemes and orders to be issued are matters of procedure and details and are of routine and administrative in nature. Further, the Schemes after they are made are subject to scrutiny of the Legislative Assembly. The delegation of legislative power is, thus, of a normal character.

T. SIVADASA MENON

(True translation)
S. DALILAH SOJAH
Additional Secretary
Law Deparment

LIBRARY ARCHIVES Kerala Legislative Assembly